ജോർജിയൻ


കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | സ്പെഷ്യൽ സപ്ലിമെന്റ് | ഏപ്രിൽ 2014 | പേജ് 6

*അടഞ്ഞമിഴികളിൽ വെളിച്ചമുണ്ട്. മിഴിപൂട്ടി ആ വെളിച്ചത്തെ ധ്യാനിക്കാം. ഇന്നലെ എന്നത് ഇന്നിന്റെ സ്മരണയും നാളെ എന്നത് ഇന്നിന്റെ സ്വപ്നവുമാണ്. ഇതുവരെ പലായനമായിരുന്നു, ഇനിയുമുള്ളത് തീർത്ഥാടനമാണ്. വെളിച്ചം തേടിയുള്ള മനുഷ്യചിന്തയുടെ യാത്ര. ദൈവത്തിന്റെ മിഴികളിൽ നോക്കി നിൽക്കുവാനുള്ള കൃപയാണ് വിശുദ്ധി എന്ന് പഠിപ്പിച്ച അവധൂതന് പ്രണാമം. അങ്ങയുടെ ഹൃദയവിചാരങ്ങളിൽ വീണ്ടും മഷി പടരുകയാണ്. അന്ന് ചോദിക്കുവാൻ ഞങ്ങൾ മറന്ന ചോദ്യങ്ങളും, പറയുവാൻ അങ്ങ് മറന്ന ജീവിതാനുഭവങ്ങളും ഞങ്ങളുടെ നഷ്ടങ്ങളാണ്... ഈ കാലത്തിന്റെയും!*

# ഞങ്ങളുടെ ഈവാനിയോസ് തിരുമേനി

*ഞാലിയാകുഴി മാർ ബസേലിയോസ് ദയറാ. ദൈവത്തിന്റെ പൂന്തോട്ടം. ഈ തോട്ടം ഇവിടെ നട്ടതും നനച്ചതും കോട്ടയം ഭദ്രാസന കുടുംബനാഥനായിരുന്ന ഈവാനിയോസ് തിരുമേനിയാണ്. ഇവിടെ വിരിയുന്ന പുഷ്പങ്ങൾക്ക് പനിനീർ പൂക്കളേക്കാൾ വിശുദ്ധിയുണ്ട്. ഈ കുന്നിൻചെരുവിൽ നിൽക്കുമ്പോൾ നീ നിൽക്കുന്ന സ്ഥലം വിശുദ്ധമെന്ന് ആരോ മനസ്സിൽ മന്ത്രിക്കുന്നു. ഈ ആശ്രമമുറ്റത്തെ ചെടികളും പൂക്കളും മാത്രമല്ല ഇവിടത്തെ നിശബ്ദതയും നമ്മോട് സംസാരിക്കുന്നുണ്ട്. അച്ചടക്കത്തെപ്പറ്റി, പ്രകൃതിസ്നേഹത്തെപ്പറ്റി, വിശുദ്ധ ജീവിത നിഷ്ഠകളെപ്പറ്റി. ക്രൂശിനെ നോക്കി ഒരു തീർത്ഥയാത്ര ഇവിടെ നിന്നും ആരംഭിക്കുന്നു. ഈവാനിയോസ് തിരുമേനി എന്ന ഇടയൻ ഇപ്പോഴും നമ്മെ നയിക്കുകയാണ്. ആത്മീയ പിതാവായി, ഗുരുവായി തിരുമേനി നമ്മോട് സംസാരിക്കുകയാണ്. ദൈവവിളിയെപ്പറ്റി, ജീവിതാനുഭവങ്ങളുടെ വൈവിധ്യങ്ങളെപ്പറ്റി, പിന്നെ പിതാവിനെപ്പറ്റി അറിയുവാൻ നാം ആഗ്രഹിക്കുന്ന എല്ലാ കാര്യങ്ങളെപ്പറ്റിയും...*

***അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി കുഴിമറ്റം സെന്റ് ജോർജ്ജ് യുവജനപ്രസ്ഥാനാംഗങ്ങളുമായി പങ്കുവച്ച ജീവിതാനുഭവങ്ങൾ.***



**നിറം മങ്ങാത്ത ബാല്യകാലസ്മരണകൾ...**

എന്റെ നാട് ഓതറയാണ്. അമ്മവീട് നിരണവും. പക്ഷേ രണ്ടു സ്ഥലത്തും താമസിക്കുവാൻ സാധിച്ചില്ല. എന്റെ പിതാവ് റെയിൽവേ ഉദ്യോഗസ്ഥൻ ആയിരുന്നു. നാലു വയസ്സുവരെ തമിഴ്നാട്ടിൽ മധുരയിൽ താമസിച്ചു. പിതാവ് സ്ഥലം മാറി കൊല്ലത്തെത്തി. 21 വയസ്സ് വരെ ഞങ്ങൾ കൊല്ലത്ത് താമസിച്ചു. അവിടെ ഞാൻ പഠിച്ചു. ഞാൻ വളർന്ന നാട് കൊല്ലം ആണ്. എന്റെ മാതാപിതാക്കൾ മാർത്തോമ്മാ സഭക്കാരായിരുന്നു. മാർത്തോമ്മാപള്ളി വീട്ടിൽ നിന്നും വളരെ ദൂരെ ആയിരുന്നു. അതുകൊണ്ട് ചെറുപ്പത്തിൽ അടുത്തുള്ള ഒരു സി. എസ്. ഐ. പള്ളിയിൽ ആരാധനയിൽ പങ്കെടുക്കുകയും സൺഡേ സ്കൂളിൽ പഠിച്ചും പോന്നു. ഞങ്ങൾ അഞ്ച് ആണും ഒരു പെണ്ണും ആയിരുന്നു. ഞാൻ മൂന്നാമത്തെ ആൾ. എന്റെ പിതാവിന്റെ സഹോദരിമാരെ ഓർത്തഡോക്സ് സഭയിലാണ് വിവാഹം കഴിച്ച് വിട്ടത്. അവർ വീട്ടിൽ വരുമ്പോൾ നമസ്കാരക്രമം കൊണ്ടു വരുമായിരുന്നു. ഞങ്ങളെ പിടിച്ചിരുത്തി പ്രാർത്ഥിപ്പിക്കും. അന്ന് നിലവിളക്കിന്റെ വെളിച്ചത്തിലാണ് പ്രാർത്ഥന. അങ്ങനെ ഞാൻ എല്ലാ പ്രാർത്ഥനകളും പഠിച്ചു. വീട്ടിൽ മേശക്കുള്ളിൽ ഒരു വി. കുർബാനക്രമം ഉണ്ടായിരുന്നു. ഞാൻ അത് മറിച്ച് നോക്കുമായിരുന്നു. അന്ന് കൃംതാ, സ്ലീബാ എന്നൊക്കെ അതിൽ കാണുമ്പോൾ എന്താണെന്ന് അറിയില്ലായിരുന്നു. മാവിമാരാണ് നോമ്പ് നോക്കണം, ഉപവസിക്കണം എന്നൊക്കെ എന്നെ പഠിപ്പിച്ചത്.

**ഓർത്തഡോക്സ് വിശ്വാസത്തിൽ ആകൃഷ്ടനായി...**

ചെറുപ്പത്തിൽ ധാരാളം പ്രസംഗം കേട്ടു, പാട്ടു പാടി. എല്ലാം നല്ലതായിരുന്നു. പക്ഷേ പ്രയോജനം ഉണ്ടായില്ല. എല്ലാം കേൾക്കാൻ കൊള്ളാം, ഒന്നും സാധിച്ചില്ല. ആഴമില്ലാത്ത ക്രിസ്തീയ ജീവിതം. അവിടെ ജീവിതപ്രശ്നങ്ങളെ നേരിടണം എന്നു മാത്രമേ പഠിപ്പിക്കുന്നുള്ളൂ. എങ്ങനെ നേരിടണം എന്ന് പഠിപ്പിക്കുന്നില്ല. ഓർത്തഡോക്സ് സഭയിൽ മാത്രമേ ഉപവസിക്കണമെന്നും പ്രാർത്ഥിച്ച് നോമ്പ് നോറ്റ് പ്രശ്നങ്ങൾ നേരിടണം എന്നും പഠിപ്പിക്കുന്നുള്ളൂ.

ഞാൻ പ്രീഡിഗ്രി കഴിഞ്ഞ നാളുകൾ. കൊല്ലത്ത് TKM Engineering College തുടങ്ങിയ കാലം. എന്നെ എൻജിനീയറിംഗിന് ചേർക്കണം എന്ന് പിതാവ് ആഗ്രഹിച്ചു. സെക്കന്റ് ചാൻസായതിനാൽ അഡ്മിഷൻ കിട്ടുവാൻ പ്രയാസമായിരുന്നു. അഡ്മിഷൻ കിട്ടുവാൻ മൂന്ന് ദിവസം നോമ്പ് എടുക്കണം എന്ന് പിതാവ് എന്നോട് ആവശ്യപ്പെട്ടു. അന്ന് നോമ്പ് എടുക്കുവാൻ എനിക്ക് മടിയാണ്. ആദ്യ ദിവസം രാവിലെ 10 മണി ആയപ്പോൾ തന്നെ ഞാൻ കാപ്പി കുടിച്ചു. എന്റെ അമ്മ എന്നെ വളരെ അധികം ശാസിച്ചു "ഒരു നേരം പോലും ഉപവസിക്കുവാൻ മടിയാണോ, അത്രയ്ക്ക് ഭക്ഷണപ്രിയനായി പോയോ എന്റെ മകൻ." ഞാൻ വളരെ വിഷമിച്ചു. ആ ശാസനയാണ് എന്നെ ഉപവസിക്കുവാൻ പ്രേരിപ്പിച്ചത്. അത് വഴിത്തിരിവായി. പിന്നെ സ്വയം നോമ്പ് നോക്കുവാൻ തുടങ്ങി. അത് ശീലമായി. അതിന്റെ അനുഗ്രഹവും സംതൃപ്തിയും ഞാൻ അനുഭവിച്ചറിഞ്ഞു. ഈ അനുഭവത്തിനുശേഷം ഞാൻ ക്രമമായി ഉപവസിക്കുവാനും കുമ്പിടുവാനും തുടങ്ങി.

എൻജിനീയറിംഗ് പഠിക്കുവാൻ എനിക്ക് താൽപര്യം ഉണ്ടായിരുന്നില്ല. അതുകൊണ്ട് പോയില്ല. ഡിഗ്രിക്ക് പഠിക്കുന്ന കാലം. കൂറിലോസ് തിരുമേനിയുടെ (കാലം ചെയ്ത മാത്യൂസ് ദ്വിതീയൻ ബാവ) അരമനപ്പള്ളിയിലെ സുഹൃത്തുക്കളുമായി ബന്ധപ്പെട്ടു. ഞാൻ അവരുടെ പള്ളിയിൽ പോകുവാൻ തുടങ്ങി. അവരുടെ മദ്ബഹായിൽ കയറി. കൂറിലോസ് തിരുമേനിയെ അങ്ങനെയാണ് പരിചയപ്പെടുന്നത്. ബി.എസ്.സി. കഴിഞ്ഞ് എൻജിനീയറിംഗിന് പോകണം എന്നായിരുന്നു പിതാവിന്റെ ആഗ്രഹം. എനിക്ക് സെമിനാരിയിൽ ചേരണം എന്നും.

**പ്രതീക്ഷിക്കാതെ....**

ഒട്ടും പ്രതീക്ഷിക്കാതെയാണ് എനിക്ക് ഇംഗ്ലണ്ടിൽ പോകുവാൻ അവസരം ലഭിച്ചത്. കൂറിലോസ് തിരുമേനിയാണ് എന്നെ അവിടേക്ക് അയച്ചത്.

കൗളി ഫാദേഴ്സ് എന്ന ആംഗ്ലിക്കൻ ആശ്രമത്തിൽ ചേർന്ന് ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ പഠനം ആരംഭിച്ചു. ആശ്രമപ്രസ്ഥാനത്തിൽ നിന്നാണ് ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി രൂപം പ്രാപിച്ചത്. എം.എസ്.സി. ഫിസിക്സ് പഠിക്കണം എന്ന് എന്റെ പിതാവ് പറഞ്ഞു. എനിക്ക് പഠിക്കുവാൻ താൽപര്യം തിയോളജിയും. കൂടെ സുറിയാനി പഠിക്കണമെന്നും. ഓറിയന്റൽ ഭാഷകളായി എബ്രായ, ആരാമിക്ക് കൂടെ സുറിയാനിയും പഠിച്ചു. ഗ്രീക്കും ഹീബ്രുവും പഠിച്ചു. അവിടെ ഗ്രീക്ക് പള്ളികൾ ഉണ്ടായിരുന്നു. കൂട്ടായ്മകളിൽ പങ്കെടുത്തു. എട്ടു വർഷം ഞാൻ ആശ്രമവാസിയായി. ആശ്രമത്തിൽ ഏറെയും പ്രായമുള്ളവരും ജീവിത നിഷ്ഠയുള്ളവരും ആയിരുന്നു. മരിച്ചുപോയ ആശ്രമവാസികൾ ഉപയോഗിച്ച ചെരുപ്പുകളും വസ്ത്രങ്ങളും ആണ് ഞങ്ങൾ ധരിച്ചിരുന്നത്.

***ഗുരുവായി പഴയസെമിനാരിയിലേക്ക്....***

ആ സമയത്താണ് ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി ഇംഗ്ലണ്ടിൽ എത്തിയതും ഞാൻ കാണുവാൻ ഇടയായതും. തിരുമേനി എന്നോട് ചോദിച്ചു "Are you prepared to come to Seminary?" പ്രാർത്ഥിച്ച് ആലോചിച്ച് പറഞ്ഞാൽ മതിയെന്ന് തിരുമേനി പറഞ്ഞു. ഞാൻ ഉടൻ തന്നെ സമ്മതം എന്ന് മറുപടി പറഞ്ഞു. കൂറിലോസ് തിരുമേനിക്ക് ഞാൻ കത്തെഴു

*(ശേഷം രണ്ടാം പേജിൽ)*

# ജോർജിയൻ

## എഡിറ്റോറിയൽ

### നമുക്ക് നഷ്ടപ്പെട്ടതിലേറെ...

ഒരിക്കൽ യുവജനപ്രസ്ഥാനം പ്രവർത്തകർ “തറവാട്ടിൽ ഒരു ദിനം” ക്യാമ്പിന്റെ ക്രമീകരണങ്ങൾ കാണുവാൻ ക്യാമ്പിന് മുമ്പ് ദയറായ്ക്ക് ഉള്ളിൽ അന്ന് എൻജിനീയറിംഗ് കോളജ് ഹോസ്റ്റൽ പ്രവർത്തിച്ചുവന്നിരുന്ന കെട്ടിടത്തിൽ എത്തി. അവിടുത്തെ ക്രമീകരണങ്ങൾ ഏറ്റവും ഭംഗിയായിരിക്കുന്നു എന്ന് തിരുമേനിയെ കണ്ട് അറിയിച്ചു. തിരുമേനി പുഞ്ചിരി തൂകി ചോദിച്ചു. “എന്റെ ഒരു പൂച്ചയെ അവിടെ നിങ്ങൾ കണ്ടിരുന്നോ?” “ഇല്ല” എന്ന് മറുപടി പറഞ്ഞു. തിരുമേനി തുടർന്നു. “ഇവിടെ രണ്ട് പൂച്ചകൾ ഉണ്ട്. ഒന്ന് നോമ്പ് എടുക്കും. മറ്റൊന്ന് എടുക്കില്ല. നോമ്പ് എടുക്കാത്ത പൂച്ച എപ്പോഴും ആ ഹോസ്റ്റൽ കെട്ടിടത്തിലാണ്. ഇറച്ചിയും മീനും ഒക്കെ കിട്ടും.” ഓരോ ചെറിയ കാര്യങ്ങൾക്കും തിരുമേനിയെ സമീപിക്കുമ്പോൾ നോമ്പിന്റെയും ഉപവാസത്തിന്റെയും പ്രാധാന്യം ഇങ്ങനെ ചെറിയ ഉദാഹരണങ്ങളിലൂടെ പ്രസ്ഥാനം പ്രവർത്തകരിൽ എത്തിച്ചിരുന്നു. “ക്യാമ്പ് തുടങ്ങുകയാണ്. നിങ്ങളും നോമ്പ് എടുത്ത് പ്രാർത്ഥിച്ചാൽ അത് വിജയമാകും” എന്ന സന്ദേശം തരുവാനാണ് ആ കഥ തിരുമേനി ഞങ്ങളോട് പറഞ്ഞത്.

ആധുനിക കാലഘട്ടത്തിൽ യുവജനങ്ങളെ തന്നിലേക്ക് ആകർഷിച്ച മറ്റൊരു പിതാവും മലങ്കരസഭയിൽ ഇല്ല. അക്കാര്യത്തിൽ സംശയം തോന്നുന്നുവെങ്കിൽ ഞാലിയാകുഴിയിലെ തിരുമനസ്സിന്റെ പർണ്ണശാല ഒന്നു സന്ദർശിച്ചാൽ അത് നേരിട്ടു ദർശിക്കുവാനാകും.


കുഴിമറ്റം സെന്റ് ജോർജ്ജ് യുവജനപ്രസ്ഥാനവുമായി അഭേദ്യമായ ബന്ധം തിരുമേനി പുലർത്തിയിരുന്നു. യുവജനപ്രസ്ഥാനത്തിന് കേന്ദ്രതലത്തിൽ ബസ്റ്റ് യൂണിറ്റ് ലഭിച്ച വർഷം പ്രസ്ഥാനത്തിലെത്തി ഒരു നല്ല തുക സമ്മാനമായി നൽകി. “വായിക്കണം, എഴുതണം” എന്ന് പറഞ്ഞ് തിരുമേനി ഒപ്പിട്ട ധാരാളം പുസ്തകങ്ങളും നൽകി. ‘കുരിശ് ധരിക്കണം, കുരിശ് വരയ്ക്കണം, കുരിശ് വഹിക്കണം’ എന്ന് നിരന്തരം ഓർമ്മിപ്പിച്ചു. ജോർജ്ജിയൻ 2007 ഡിസംബർ ലക്കത്തിനു വേണ്ടിയാണ് തിരുമേനി ആദ്യമായി ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുന്നത്. പല ദിനങ്ങളിൽ തിരുമേനിയോടൊപ്പം ചിലവഴിച്ചാണ് പ്രസ്ഥാന പ്രവർത്തകർ ആ അനുഭവങ്ങൾ പകർത്തിയത്. തിരുമേനി തന്നെ രണ്ടു വട്ടം പ്രൂഫ് നോക്കുകയായിരുന്നു. തെറ്റുകൾ തിരുമേനി തന്നെ സ്വന്തം കൈപ്പടയിൽ തിരുത്തി. കാലംചെയ്ത ശേഷം പ്രസിദ്ധീകരിക്കണം എന്ന് കൽപ്പിച്ചു. എന്നാൽ അനുവാദം വാങ്ങി പ്രസക്തഭാഗങ്ങൾ മാത്രം 2007–ൽ ജോർജിയനിൽ പ്രസിദ്ധീകരിക്കുകയായിരുന്നു. ഇന്ന് ഒന്നാം ഓർമ്മപ്പെരുന്നാൾ ദിനത്തിൽ തിരുമേനിയുടെ വാക്കുകളിൽ വീണ്ടും മഷി പടരുകയാണ്. ഈ എളിയ പ്രസിദ്ധീകരണത്തെ വാക്കുകൾ കൊണ്ട് അലങ്കരിച്ച തിരുമേനിയുടെ ഗുരുക്കന്മാർ, ശിഷ്യന്മാർ, സന്തതസഹചാരികൾ, പ്രസിദ്ധീകരണത്തിന് പ്രോത്സാഹനം നൽകിയ ഇടവക വികാരി പി. കെ. കുറിയാക്കോസ് അച്ചൻ എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും ഹൃദയത്തിൽ സൂക്ഷിക്കുന്നു. തിരുമേനിയുടെ വാക്കുകൾ ഇന്നും ഹൃദയങ്ങളിൽ മുഴങ്ങുന്നു. “പ്രാർത്ഥിക്കണം, സൂക്ഷിക്കണം.”

**അജു അലക്സ് മാമൂട്ടിൽ**
എഡിറ്റർ

# വിശുദ്ധിയുടെ പടവുകളിൽ...

*(ഒന്നാം പേജിൽ നിന്നും)*

തി. ഞാൻ തിരിച്ചു വരികയാണ്. കൊട്ടാരക്കരയിൽ പഠിപ്പിക്കുവാനല്ല പഴയസെമിനാരിയിൽ പഠിപ്പിക്കുവാൻ ആണെന്ന്. തിരുമേനിക്ക് സങ്കടം ആയി. 1971–ൽ അങ്ങനെ സെമിനാരിയിൽ എത്തി. 1972–ൽ വൈദികനായി. സെമിനാരി വാർഡനായി, അദ്ധ്യാപകനായി. ഗ്രീക്ക്, വാർഡനിംഗ്, ഗാർഡനിംഗ് ഇത് മൂന്നും സെമിനാരി വിദ്യാർത്ഥികൾക്ക് ഇഷ്ടമല്ലായിരുന്നു. ഞാൻ അവരെ ശാസിച്ച് ഗ്രീക്ക് പഠിപ്പിക്കുമായിരുന്നു. അതിനാൽ അവരിൽ എല്ലാവർക്കും എന്നോട് നീരസമായി. ചെടികളോട് എനിക്ക് വളരെ സ്നേഹമാണ്. ഞാൻ മെത്രാപ്പോലീത്താ ആയ ശേഷവും പണം ചിലവാക്കി സെമിനാരിയിൽ ചെടികൾ പരിപാലിച്ചുപോന്നു. സെമിനാരിയിൽ നിന്നും കാരാപ്പുഴ പള്ളിയിൽ പോയി വി. കുർബ്ബാന അർപ്പിക്കുന്നതല്ലാതെ പുറംലോകവുമായി എനിക്ക് യാതൊരു ബന്ധവും ഇല്ലായിരുന്നു. ഞാൻ ആർക്കും പരിചിതനുമല്ലായിരുന്നു.



**മരണനിഴലിൻ താഴ്വരയിൽ....**

സെമിനാരി അദ്ധ്യാപകനായിരുന്ന കാലം. കാരാപ്പുഴ പള്ളിയിൽ സണ്ടേസ്കൂൾ കെട്ടിടം പണി ആരംഭിച്ച സമയം. പെട്ടെന്ന് അസുഖം ബാധിച്ചു. കോലഞ്ചേരി ആശുപത്രിയിൽ പോയി ഒരാഴ്ച കിടന്നു. 3500 രൂപ ആയി. അന്ന് കൈയിൽ പണമില്ല. പലരും സഹായിച്ച് ബിൽ അടച്ചു. ബർണബാസ് തിരുമേനി പറഞ്ഞതുകൊണ്ട് അവർ 10 രൂപ കുറച്ച് തന്നു. ഞാൻ സെമിനാരിയിലേക്ക് മടങ്ങി. അവിടെ അന്ന് തെയോഫിലോസ് തിരുമേനി ഉണ്ടായിരുന്നു. തിരുമേനി ചിലവായ പണം മുഴുവൻ തന്നു. അടുത്ത ആഴ്ച ഞാൻ വീണ്ടും കാരിത്താസിൽ അഡ്മിറ്റായി. അവിടേയും മൂവായിരം രൂപയോളം ആയി. തിരുമേനി തന്ന പണം അവിടെ ചിലവായി. അവർ എനിക്ക് ക്യാൻസർ രോഗമാണെന്ന് കണ്ടുപിടിച്ചു. ജോഷ്വാ അച്ചൻ വെല്ലൂരിൽ പോകുന്ന കാര്യം ആവശ്യപ്പെട്ടു. ഡോ. പത്രോസ് മത്തായി അടയാറിൽ നല്ല ചികിത്സ കിട്ടുമെന്ന് പറഞ്ഞു. അവിടേക്ക് പോകുവാൻ തീരുമാനിച്ചു. തീവണ്ടിക്കൂലി 200 രൂപ ആയിരുന്നു. ഞാൻ പലരോടും കടം ചോദിച്ചു. പലർക്കും തരുവാൻ മടി ആയിരുന്നു. ക്യാൻസർ രോഗിയായ എന്റെ കൈയിൽനിന്നും തിരിച്ചു കിട്ടില്ല എന്ന് കരുതിയാവും. അവസാനം സെമിനാരിയിൽ നിന്നും കിട്ടിയ പണവുമായി ഞാൻ അടയാറിൽ എത്തി. ചികിത്സ സൗജന്യമായി ലഭിച്ചു. മരുന്നുകളും കുത്തിവയ്പും എന്നെ തളർത്തി. ചർദ്ദി ഒഴിവാക്കാൻ ഗ്ലൂക്കോസ് കഴിക്കുവാൻ എന്നോട് പറഞ്ഞു. കോശിക്കുഞ്ഞ് എല്ലാ ദിവസവും കരിമ്പിൻനീര് കൊണ്ടുവരുമായിരുന്നു. അതു കുടിച്ചുവന്നു. എന്റെ സ്ഥിതി ദിനംതോറും മോശമായി വന്നു.

ഒരു ദിവസം ഞാൻ വളരെ ക്ഷീണിതനായി. അന്ന് കരിമ്പിൻനീര് കടയിൽ നിന്നു കിട്ടിയില്ല. അന്ന് വൈകിട്ട് എന്റെ ബോധം മറഞ്ഞു. ഞാൻ മരിച്ചുപോകും എന്ന സ്ഥിതി എത്തി. സഭയിൽ എല്ലാവരും എനിക്കായി പ്രാർത്ഥിച്ചു. സെമിനാരിയിൽ എന്റെ മരണാനന്തര ശുശ്രൂഷയ്ക്കായി ഒരുക്കം ആരംഭിച്ചു. ജോഷ്വാ അച്ചൻ കാപ്പയുമായി അടയാറിലേക്ക് പുറപ്പെടുവാൻ ഒരുങ്ങി. അന്നുവരെ എല്ലാ പരിശോധനയ്ക്കും വിധേയമാക്കിയ എന്റെ ഷുഗർ മാത്രം അവർ നോക്കിയില്ല. ഞാൻ ഡയബറ്റിക് കോമാ സ്റ്റേജിൽ എത്തി. 10 മിനിറ്റിനുള്ളിൽ ലാസ്റ്റ് റിസൾട്ട് പറയാം എന്ന് ഡോക്ടർമാർ പറഞ്ഞു. ആരോ പറഞ്ഞ് ഷുഗർ വീണ്ടും ടെസ്റ്റ് ചെയ്തു. ഷുഗർ കൗണ്ട് 1000–നു മുകളിൽ ആയിരുന്നു. പെട്ടെന്ന് അവർ ഗ്ലൂക്കോസ് മാറ്റി. മറുമരുന്ന് നൽകി. എന്റെ സ്ഥിതി മെല്ലെ മെച്ചപ്പെട്ടുവന്നു. ദിവസങ്ങൾ കൊണ്ട് ഞാൻ പഴയസ്ഥിതി വീണ്ടെടുത്തു. ഷുഗർ കൂടി രക്തം വിഷമായതിനാൽ ക്യാൻസർ അണുക്കൾ ശരീരത്തിലെ നശിച്ചുപോയി എന്നാണെന്റെ വിശ്വാസം. അങ്ങനെ ഞാൻ ക്യാൻസർ രോഗത്തിൽനിന്നും മുക്തി പ്രാപിച്ചു. അന്ന് കരിമ്പിൻനീര് കിട്ടിയിരുന്നെങ്കിൽ ഞാൻ മരിച്ചു പോകുമായിരുന്നു. കിട്ടാഞ്ഞതു ദൈവാനുഗ്രഹമായി. ഷുഗർ വർദ്ധിച്ച് രക്തം വിഷമായതുകൊണ്ട് ക്യാൻസർ അണുക്കൾ നശിച്ചുപോയി എന്നു ഞാൻ വിശ്വസിക്കുന്നു. അതും ദൈവാനുഗ്രഹം. ദൈവം എന്നെ കരുതി രക്ഷപെടുത്തി. പ്രാർത്ഥനയുടെയും നോമ്പിന്റെയും ഉപവാസത്തിന്റെയും ശക്തി ഞാൻ മനസ്സിലാക്കി. അതിന്റെ പ്രതിഫലം തിരികെ ലഭിച്ചു. സ്വർഗ്ഗീയ ബാങ്കിൽ അനുഗ്രഹങ്ങൾ ഡിപ്പോസിറ്റായി കിടക്കും. നമുക്ക് ആവശ്യമുള്ളപ്പോൾ ദൈവം ആ അനുഗ്രഹങ്ങൾ നമുക്കു തിരികെ നൽകും. അവിടെ കള്ളൻ കയറില്ല, തുരുമ്പെടുക്കുകയില്ല, പുഴു കയറുകയുമില്ല. ഇന്ന് പ്രാർത്ഥനയാണ് എന്റെ ചികിത്സയും മരുന്നും.

**തിരികെ നാട്ടിലേക്ക്**

ഞാൻ തിരികെ നാട്ടിലെത്തി. എന്റെ ശരീരം ശോഷിച്ചു. മുടിയും മീശയും കൊഴിഞ്ഞുപോയി. അങ്ങനെയിരിക്കെ വട്ടക്കുന്നേൽ ബാവാ തിരുമേനി അപ്രതീക്ഷിതമായി ഒരു ചോദ്യം എന്നോട് ചോദിച്ചു: ‘റമ്പാനാക്കി പരുമലയിൽ ഇരുത്തുവാൻ ആഗ്രഹമുണ്ട്. എന്തു പറയുന്നു’ എന്ന്. ഞാൻ സമ്മതം പറഞ്ഞു. അങ്ങനെ 7 വർഷം റമ്പാനായി പരുമലയിൽ കഴിഞ്ഞു. അങ്ങനെ പരിശുദ്ധ പരുമല തിരുമേനിയുടെ കബറിടത്തിൽ പ്രാർത്ഥിക്കുവാനും ഒപ്പം സെമിനാരിയിൽ പഠിപ്പിക്കുവാനും സാധിച്ചു. ആ സമയത്താണ് എപ്പിസ്ക്കോപ്പൽ തിരഞ്ഞെടുപ്പ്. ഞാൻ മത്സരിക്കണമെന്ന് പലരും പറഞ്ഞു. ‘ഇത് അപേക്ഷ നൽകി കിട്ടേണ്ട ഒന്നല്ല. ദൈവനിയോഗത്താൽ ലഭിക്കേണ്ടതാണ്’ എന്ന് എന്നെ സമീപിച്ചവരോട് ഞാൻ പറഞ്ഞു. 30 പേർ ഒപ്പിട്ട ഒരു നോമിനേഷനുമായി സ്നേഹിതർ എന്റെ അടുത്തെത്തി. ഞാൻ ഒപ്പിട്ട് നൽകണം എന്നതായിരുന്നു അവരുടെ ആവശ്യം. ഞാൻ അത് വാങ്ങി കൈയിൽ വച്ചു. മത്സരിച്ചുമില്ല. ഞാൻ വീണ്ടും ചികിത്സക്കായി അടയാറിലേക്ക് പോയി. തിരികെ എത്തിയപ്പോഴാണ് എന്നെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് വട്ടക്കുന്നേൽ ബാവാ തിരുമേനി നോമിനേറ്റ് ചെയ്തതായി അറിഞ്ഞത്. അങ്ങനെ എന്നെയും മേൽപട്ടസ്ഥാനത്തേക്ക് ഉയർത്തി. ‘ഈവാനിയോസ്’ എന്ന നാമം സഭ എനിക്ക് നൽകിയതാണ്. ദൈവത്തിന്റെ ദാനം എന്നാണ് ആ വാക്കിന്റെ അർത്ഥം. എല്ലാം ദൈവാനുഗ്രഹം മാത്രം.

**ദൈവത്തിന്റെ ഉദ്യാനം**

കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ ആകും എന്ന് ഞാൻ കരുതിയില്ല. പരിശുദ്ധ പാമ്പാടി തിരുമേനിയുടെ പിൻഗാമി ആകുവാൻ സാധിച്ചത് വലിയ ദൈവകൃപയായി ഞാൻ കരുതുന്നു. എല്ലാ ഭദ്രാസനങ്ങൾക്കും ആശ്രമങ്ങൾ ഉണ്ട്. കോട്ടയം ഭദ്രാസനത്തിന് മാത്രം അതില്ലല്ലോ എന്ന് എന്നെ സങ്കടപ്പെടുത്തി. വട്ടക്കുന്നേൽ ബാവാ തിരുമേനി ഞാലിയാകുഴിയിലുണ്ടായിരുന്ന സ്ഥലം വീണ്ടെടുക്കുകയും ആ സ്ഥലത്തിന് ഹെർമ്മോൻ മൗണ്ട് എന്ന് പേരിടുകയും ചെയ്തു. അവിടെ ഒരു ദയറാ തുടങ്ങണമെന്ന് ആഗ്രഹിച്ചു. മാർ ബസേലിയോസ് ദയറാ എന്ന് പേരിട്ടു. ഈ സ്ഥലം കാലക്രമത്തിൽ എന്റെ ചുമതലയിൽ തന്നു. അതിനുശേഷം അടുത്തുള്ള സ്ഥലങ്ങൾ വാങ്ങി. ഇവിടെ വൈദികസെമിനാരിയിൽ ചേരുവാൻ ആഗ്രഹിക്കുന്നവർക്ക് പരിശീലനം നൽകുന്നു. അവരിൽ സന്യാസജീവിതം ആഗ്രഹിക്കുന്നവർ ഈ ദയറായിൽ അംഗങ്ങളായി ചേരുന്നു. പത്ത് വർഷംകൊണ്ട് ഈ ആശ്രമം ദൈവകൃപയാൽ വളർന്നു. ധാരാളം പേർ സന്യാസജീവിതം തെരഞ്ഞെടുത്തു. അത് വലിയ കാര്യമാണ്. ഇനിയും ധാരാളം ചെറുപ്പക്കാർ കടന്നുവരണം. സന്യാസജീവിതത്തെപ്പറ്റി പഠിക്കണം. ഈ ആശ്രമവാസികൾ ആകണം.

***ഏലിയാ പോലുജ്ജ്വലനേ... യൂഹാനോൻ പോൽ വ്രതപരനേ... അങ്ങയെ വരിച്ച ഈ സഭ എത്ര ധന്യ.***

◆

# രോഗികളുടെ മദ്ധ്യസ്ഥൻ

## ഫാ പി. കെ. കുറിയാക്കോസ്, പണ്ടാരക്കുന്നേൽ

(വികാരി, കുഴിമറ്റം ഇടവക)

ജോർജ്ജിയൻ പത്രാധിപസമിതി ആവശ്യപ്പെട്ടത് തിരുമനസ്സിന്റെ കൂടെ താമസിച്ച മൂന്ന് വർഷങ്ങളിലെ ഒരു ഓർമ്മ എഴുതുവാനാണ്. എന്നാൽ പിതാവിന്റെ മദ്ധ്യസ്ഥത മൂലം എനിക്കുണ്ടായ രോഗസൗഖ്യം എഴുതുവാനാഗ്രഹിക്കുകയാണ്. കുറച്ചുനാളുകളായി ഉണ്ടായിരുന്ന ശാരീരികക്ഷീണം തലയിലെ ഒരു ഞരമ്പ് കാത്സ്യം ഡിപ്പോസിറ്റ് മൂലം ബ്ലോക്കായിരിക്കുന്നതുകൊണ്ടാണെന്ന് എം. ആർ. ഐ. യിലൂടെ മനസ്സിലായി. തുടർന്ന് ചെയ്യേണ്ട ചികിത്സകൾ ഡോക്ടറിൽനിന്ന് മനസ്സിലാക്കി നേരെ തിരുമേനിയുടെ കബറിങ്കൽ എത്തി ഞാനും ഭാര്യയും കണ്ണീരോടെ പ്രാർത്ഥിക്കുകയും മദ്ധ്യസ്ഥതയ്ക്കായി പേരെഴുതുകയും ചെയ്തു. പ്രാർത്ഥന കഴിഞ്ഞ് ഫോട്ടോയിൽ ചിരിച്ചുകൊണ്ട് ഞങ്ങളെ നോക്കുന്ന തിരുമേനിയുടെ മുഖം വളരെ ആശ്വാസം നൽകി. തിരുമനസ്സിന്റെ പ്രസന്നമായ മുഖഭാവം കണ്ടിറങ്ങിയ ഞങ്ങൾ യാതൊരു കുഴപ്പവുമുണ്ടാകില്ലെന്ന് ഒരേ സമയം പരസ്പരം പറയുകയുണ്ടായി. ഓപ്പറേഷന് മദ്രാസിന് പോകുന്നതിനു വേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്തു. തിരുവനന്തപുരം ശ്രീചിത്തിരതിരുനാൾ ആശുപത്രിയിലും കൂടി പോയിട്ട് മദ്രാസിന് പോകാമെന്ന പിതാക്കന്മാരുടെ ഉപദേശത്തിൽ ഇപ്പോൾ അവിടുത്തെ ചികിത്സയിലാണ്.

തിരുമേനി ജീവിച്ചിരുന്നപ്പോൾ രോഗികൾ പ്രത്യേകിച്ച് ക്യാൻസർ രോഗികൾ വന്ന് പ്രാർത്ഥിച്ച് ആശ്വാസം ലഭിച്ചതും കുഞ്ഞുങ്ങളില്ലാത്ത ദമ്പതികൾക്ക് തിരുമേനിയുടെ പ്രാർത്ഥനയിൽ കുഞ്ഞുങ്ങൾ ഉണ്ടാവുകയും, ആ കുഞ്ഞുങ്ങളെ തിരുമേനിയെക്കൊണ്ട് മാമോദീസാ നടത്തിക്കുകയും ചെയ്ത അനേകരെ നേരിട്ടു കാണുവാൻ കൂടെ താമസിച്ച കാലയളവിൽ സാധിച്ചിട്ടുണ്ട്.

എന്റെ രോഗസൗഖ്യത്തിൽ ദൈവത്തോടും തിരുമനസ്സിന്റെ മദ്ധ്യസ്ഥതയ്ക്കും എല്ലാ കാര്യങ്ങൾക്കും ഉപദേശവും സ്നേഹവും തന്ന പരിശുദ്ധ ബാവാതിരുമേനിയോടും പ്രാർത്ഥിച്ച എല്ലാ തിരുമേനിമാരോടും വൈദികസഹോദരങ്ങളോടും എല്ലാ സഭാംഗങ്ങളോടും കുഴിമറ്റം പള്ളി ഇടവകാംഗങ്ങളോടും ഈ അവസരത്തിൽ നന്ദി അറിയിക്കുക കൂടി ചെയ്യുന്നു.

**ഈ നീതിമാന്റെ ഓർമ്മ അനുഗ്രഹത്തിനായിത്തീരട്ടെ.**

ആത്മബന്ധങ്ങളുടെ ഒരു മഴക്കാലം പെയ്തു തോർന്നാലും ഓർമ്മകളുടെ ചില്ലകൾ പിന്നെയും പെയ്തുകൊണ്ടിരിക്കും

# കുടുംബാംഗം പോലൊരു അജപാലകൻ

ഡോ. ഫാ. റ്റി. ജെ. ജോഷ്വാ

**ഈഴയടുപ്പത്തിലേയ്ക്ക് . . .**

തിരുമേനിയെപ്പറ്റി എനിക്ക് ആദ്യം അറിയുവാൻ സാധിച്ചത് തിരുവനന്തപുരത്തുണ്ടായിരുന്ന കെ. എ. ജോർജ്ജ് അച്ചൻ വഴിയാണ്. അച്ചന്റെ സഹോദരീപുത്രനായിരുന്നു തിരുമേനി. മർത്തോമ്മാക്കാരനായിരുന്ന തിരുമേനിയെ ഓർത്തഡോക്സ് സഭയിലേയ്ക്ക് ആകർഷിച്ചത് രണ്ട് പേരുടെ സ്വാധീനമാണ്. കെ. എ. ജോർജ്ജ് അച്ചന്റെ പിതൃ സഹോദരിയും (ഓർത്തഡോക്സ് സഭാംഗമായ തിരുമേനിയുടെ മാവി) കുറിലോസ് തിരുമേനിയും. കൊല്ലത്ത് കുറീലോസ് തിരുമേനിയുടെ അടുക്കൽ പോകുമായിരുന്നതുകൊണ്ട് ആ സ്വാധീനത്തിൽ വന്നു എന്ന് മനസ്സിലായി. തിരുമേനിയെ ആകർഷിച്ചത് മാർത്തോമാ സഭയിലില്ലാത്ത ക്രമീകൃതമായ പ്രാർത്ഥന, നോമ്പ്, കുമ്പിടീൽ, ഉപവാസം തുടങ്ങിയ കാര്യങ്ങളാണ്. ഓർത്തഡോക്സ് സഭയിലേയ്ക്ക് ഉള്ള ഈ മാറ്റത്തിന് ആദ്യം വീട്ടിൽ നിന്ന് വലിയ പ്രോത്സാഹനം ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ സഹോദരിയുമായി (കൊല്ലാട് ജോസ് കുര്യന്റെ ഭാര്യ) നല്ല ബന്ധം പുലർത്തിയിരുന്നു.

ഇംഗ്ലണ്ടിൽ ദീർഘകാലം കൗളി ഫാദേഴ്സ് എന്ന സന്യാസി പ്രസ്ഥാനത്തോടൊപ്പമായിരുന്നു അദ്ദേഹം. ആംഗ്ലിക്കൻ സഭയുടെ കൗളി ഫാദേഴ്സ് ഹൈ ചർച്ച് വിഭാഗമാണ്. അവിടെ നോമ്പും, ഉപവാസവും ഉണ്ട്. ആംഗ്ലിക്കൻ സഭയുടെ ലോ ചർച്ച് വിഭാഗമായ സി.എം.എസ്. മിഷനറിമാരാണ് കേരളത്തിലെത്തിയത്. ലോ ചർച്ച് വിഭാഗത്തിന് നോമ്പും, ഉപവാസവും ഇല്ലായിരുന്നു. ഹൈ ചർച്ച് സന്യാസി വിഭാഗവുമായി ദീർഘനാൾ ബന്ധപ്പെടുവാൻ സാധിച്ചതിനാൽ നോമ്പും, ഉപവാസവും ജീവിതത്തിന്റെ ഭാഗമാക്കുവാൻ തിരുമേനിക്ക് സാധിച്ചു.

തിരുമേനിയെ നേരിട്ട് പരിചയപ്പെടുന്നത് അദ്ദേഹം ശെമ്മാശ്ശനായി സെമിനാരിയിലെത്തുമ്പോഴാണ്. അക്കാലത്ത് സെമിനാരിയിലെ കെ. എം. അലക്സാണ്ടർ അച്ചനോട് തിരുമേനി എന്നെക്കാളേറെ സൗഹൃദം പങ്കിട്ടിരുന്നു. കാരണം ഞാൻ സെമിനാരിയിൽ പോയി വരികയും അലക്സാണ്ടർ അച്ചൻ അവിടെ സ്ഥിരതാമസമാക്കുകയും ചെയ്തിരുന്നു. ഞാൻ തിരുമേനിയുടെ അദ്ധ്യാപകനായിരുന്നില്ല. എങ്കിലും എന്നോട് ഒരു ഗുരുസ്ഥാനീയനെന്ന സ്നേഹവും, ആദരവും എന്നും എക്കാലവും സൂക്ഷിച്ചിരുന്നു.

**ദൈവത്തിന്റെ കരങ്ങളിൽ...**

ചികിത്സയ്ക്ക് വിധേയനായ കാലഘട്ടങ്ങളിൽ തിരുമേനി ചികിത്സാ സംബന്ധമായ കാര്യങ്ങൾ എന്നോട് പങ്കുവയ്ക്കുകയും, ഉപദേശങ്ങൾ തേടുകയും ചെയ്തിരുന്നു. കാരണം ഞാൻ പലവിധ രോഗങ്ങൾക്ക് വിവിധ കാലഘട്ടങ്ങളിൽ ചികിത്സയ്ക്ക് വിധേയനായ വ്യക്തിയാണ്. രോഗബാധിതനായ ആദ്യ ഘട്ടങ്ങളിൽ കോലഞ്ചേരി ആശുപത്രിയിൽ തിരുമേനി ചികിത്സ തേടിയിരുന്നു. അവിടുത്തെ ചികിത്സയിൽ തിരുമേനിക്ക് അതൃപ്തി ഉണ്ടായി. അവർ രോഗനിർണ്ണയം നടത്തുന്നതിൽ പരാജയപ്പെട്ടു.

ഒടുവിൽ കാരിത്താസ് ആശുപത്രിയിൽ ഡോ. പത്രോസ് മത്തായി തിരുമേനിക്ക് ക്യാൻസർ രോഗമാണെന്ന് സ്ഥിരീകരിച്ചു. അദ്ദേഹം തന്നെ അക്കാര്യം സെമിനാരിയിൽ വിളിച്ചറിയിച്ചു. വെല്ലൂരിനേക്കാൾ നല്ല ചികിത്സ അഡയാറിൽ ലഭിക്കുമെന്നും അവിടേയ്ക്ക് ഒരുമിച്ച് പോകാമെന്നും ഞാൻ തിരുമേനിയെ അറിയിച്ചു. ഞാനും വൈദിക വിദ്യാർത്ഥി ആയിരുന്ന ബിനോയിയും (കാലംചെയ്ത ഔഗേൻ മാർ ദീവന്നാസിയോസ്) ആ യാത്രയിൽ തിരുമേനിയോടൊപ്പമുണ്ടായിരുന്നു. യാത്ര പുറപ്പെടും മുമ്പ് സെമിനാരിയിൽ പിതാക്കന്മാരുടെ കബറിങ്കൽ പ്രാർത്ഥിച്ചു. പിന്നീട് ദേവലോകം അരമനയിലെത്തി പരിശുദ്ധ ബാവാമാരുടെ കബറിടങ്ങളിൽ പ്രാർത്ഥിച്ചു. യാത്ര ചോദിച്ച് ഇറങ്ങുമ്പോൾ വട്ടക്കുന്നേൽ ബാവാ തിരുമേനി തലയിൽ കൈവച്ച് പ്രാർത്ഥിച്ചു. ട്രയിൻ ടിക്കറ്റ് കിട്ടുവാൻ അന്ന് പ്രയാസമായിരുന്നതിനാൽ ഞാൻ എന്റെ സുഹൃത്തായ എറണാകുളത്തുള്ള പുരയ്ക്കൽ പി. ജെ. ജോസഫ് (അനിയൻ) നോട് മൂന്ന് ടിക്കറ്റുകൾ എടുത്ത് നൽകണമെന്ന് മുൻകൂർ അറിയിച്ചു. എറണാകുളത്ത് പുരയ്ക്കൽ പി. ജെ. ജോസഫിന്റെ ഭവനത്തിൽ അന്ന് ഞങ്ങൾക്കുള്ള ഉച്ചഭക്ഷണം ക്രമീകരിച്ചിരുന്നു. റെയിൽവെസ്റ്റേഷനിലേയ്ക്ക് പുറപ്പെടുംമുമ്പ് അദ്ദേഹം ഒരു ഗണ്യമായ തുക നൽകി സഹായിക്കുകയും ചെയ്തു.

ആദ്യം ഞങ്ങൾ ചെന്നു ചേർന്നത് മദ്രാസ് പള്ളിയിലാണ്. പ്രബലനായ സംഘാടകനും എന്റെ സഹപാഠിയുമായ റ്റി. സി. മത്തായി അച്ചനായിരുന്നു വികാരി. മത്തായി അച്ചനുമൊപ്പം ഞങ്ങൾ അഡയാറിലേയ്ക്ക് യാത്ര തിരിച്ചു. തിരുമേനിയെ അവിടെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. ഞാൻ ഒരു ദിവസം അവിടെ താമസിച്ചു. അഡയാറിലും സോഫിയായിലും തിരുമേനിയെ സഹായിക്കുകയും പരിചരിക്കുകയും ചെയ്തത് ബിനോയി ആയിരുന്നു. ഇത്രയും ആത്മാർത്ഥമായി തിരുമേനിയെ ശുശ്രൂഷിച്ച വേറൊരാളില്ല. അദ്ദേഹത്തിന്റെ സേവനം നിസ്തുലമായിരുന്നു. ഡോ. ജോർജ്ജ് ജേക്കബിന്റെ ജ്യേഷ്ഠപുത്രി മേരിക്കുട്ടി തിരുമേനിയെ പരിചരിക്കുന്നതിൽ പ്രത്യേക ശ്രദ്ധ കാട്ടി. കോശിക്കുഞ്ഞും വലിയ താൽപര്യം പ്രകടിപ്പിച്ചു. പല കുടുംബങ്ങളും അവിടെ തിരുമേനിയെ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. പ്രാർത്ഥനാനിരതനും താപസവര്യനുമായിരുന്ന ഫാ. ജോർജ്ജ് ഡോക്ടേഴ്സിന്റെ ശ്രദ്ധ പിടിച്ചുപറ്റി. മെഡിക്കൽ സൂപ്രണ്ടായിരുന്ന ഡോ. ശാന്ത വളരെ ആദരവോടെയാണ് ഫാ. ജോർജ്ജിനോട് ഇടപെട്ടത്. ഹൈന്ദവ സന്യാസിമാർക്ക് നൽകിയിരുന്ന ചില സൗജന്യങ്ങൾ അവിടെയുണ്ടായിരുന്നു. ഇത് സന്യാസിയായ ഫാ. ജോർജ്ജിനും പ്രയോജനപ്പെട്ടു.


ഒരു ദിവസം ഞാൻ വീട്ടിലെത്തിയപ്പോൾ സെമിനാരിയിൽ നിന്നും ഒരു ഫോൺ കോൾ വന്നു. അച്ചൻ അത്യാസന്നനിലയിലാണെന്നും രാവിലെ തന്നെ അഡയാറിലേയ്ക്ക് യാത്ര പുറപ്പെടണമെന്നുമായിരുന്നു ആ സന്ദേശം. ഞാൻ ആകെ പരവശനായി. മരിച്ചുകഴിഞ്ഞാൽ അച്ചനെ എങ്ങനെ കൊണ്ടുവരും? കാപ്പയിട്ടാണോ കൊണ്ടുവരേണ്ടത്? തുടങ്ങി മരണാനന്തര കാര്യങ്ങളെപ്പറ്റി അനേകം ചിന്തകൾ എന്റെ മനസ്സിലൂടെ കടന്നുപോയി. ഒരു മണിക്കൂറിലേറെ നേരം ഞാൻ ചിന്താകുഴപ്പത്തിലായിരുന്നു. അല്പനേരത്തിന് ശേഷം മറ്റൊരു ഫോൺ സന്ദേശം വീട്ടിലേയ്ക്കെത്തി. ജോർജ്ജച്ചൻ എഴുന്നേറ്റിരുന്ന് കുരിശ് വരച്ച് പ്രാർത്ഥിക്കുന്നു എന്നതായിരുന്നു സന്ദേശം. എന്തൊരാശ്വാസമായിരുന്നു ആ സന്ദേശം നൽകിയത്. രോഗത്തിന്റെ കാലയളവിലും അദ്ദേഹം നോമ്പിന്റേയും, പ്രാർത്ഥനയുടേയും ചിട്ട കൈവിട്ടിരുന്നില്ല. അബോധാവസ്ഥയിൽ അദ്ദേഹത്തിന് ഒരു വലിയ ദർശനമുണ്ടായി എന്നദ്ദേഹം സാക്ഷിക്കുന്നുണ്ട്. പരിശുദ്ധ പരുമലതിരുമേനി, പാമ്പാടി തിരുമേനി തുടങ്ങിയ പരിശുദ്ധന്മാരെയൊക്കെ ദർശിക്കുവാൻ രോഗാവസ്ഥയിൽ സാധിച്ചു. ആരോഗ്യം വീണ്ടെടുത്ത നാൾ മുതൽ മരണം വരെ ആഴ്ചയിലൊരു ദിവസം പരുമല പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും, കബറിങ്കൽ ധൂപപ്രാർത്ഥന നടത്തുകയും ചെയ്തിരുന്ന പതിവ് കൃത്യമായി പാലിച്ചുപോന്നു.

**എനിക്ക് കുടുംബത്തിലെ അംഗമെന്ന പോലെ**

കേരളത്തിലെ ഒരു സെമിനാരിയിലും വൈദിക വിദ്യാഭ്യാസം നടത്താതിരുന്ന തിരുമേനി വിദേശ സർവ്വകലാശാലകളിൽ നിന്നുമാണ് പഠനം പൂർത്തിയാക്കിയത്. എങ്കിലും എന്നോട് ഒരു ഗുരുസ്ഥാനീയനെന്ന സ്നേഹവും, ആദരവും എക്കാലവും സൂക്ഷിച്ചിരുന്നു. എന്റെ സഹധർമ്മിണിയെ തിരുമേനിക്ക് വലിയ കാര്യമായിരുന്നു. സഹധർമ്മിണിയുടെ വേർപാട് വേളയിൽ ഒരു കുടുംബാംഗത്തെപ്പോലെ ഇവിടെ വരികയും മുഴുവൻ സമയവും എന്റെ ഭവനത്തിൽ ചിലവഴിച്ച് പ്രാർത്ഥനകളിൽ സംബന്ധിക്കുകയും ചെയ്തു. തിരുമേനി കാലം ചെയ്യുന്നതുവരെയുമുള്ള അഞ്ച് വർഷക്കാലം എന്റെ സഹധർമ്മിണിയുടെ ഓർമ്മക്കുർബാന ചൊല്ലിയത് തിരുമേനിയാണ്. മാത്രമല്ല എന്റെ മകൻ റോയി ജോഷ്വായെ സുറിയാനി പഠിപ്പിച്ചത് അദ്ദേഹമാണ്. ഡോ. പത്രോസ് മത്തായി കഴിഞ്ഞാൽ തിരുമേനിയെ ദീർഘനാൾ ശുശ്രൂഷിച്ചത് എന്റെ മരുമകൻ ഡോ. ജോളി മാത്യുവാണ്. വലിയൊരു ആത്മബന്ധമാണ് തിരുമേനിയുമായി എന്റെ കുടുംബം പുലർത്തിയിരുന്നത്.

**സ്വഭാവത്തിലെ വൈവിധ്യങ്ങൾ**

തിരുമേനി കർക്കശ സ്വഭാവത്തിനുടമയായിരുന്നു. സെമിനാരിയിൽ ഡിസിപ്ലിന്റെ കാര്യത്തിൽ മുൻതൂക്കം നൽകിയിരുന്നു. തിരുമേനിയെ വിദ്യാർത്ഥികൾക്കൊക്കെ ഭയമായിരുന്നു. ആത്മീയതയിൽ നിന്നുളവാകുന്നത് അധികാരത്തിന്റെ ശക്തിയല്ല. അതിന് അതീതമായ ദൈവിക ശക്തിയാണ് തിരുമേനിയിൽ നിഴലിച്ചിരുന്നത്. തിരുമേനി ദേഷ്യക്കാരനായിരുന്നു. അതിന് ചില കാരണങ്ങളുമുണ്ട്. പ്രമേഹമുള്ളവർക്ക് ദേഷ്യം പെട്ടെന്ന് വരുമല്ലോ. മറ്റൊന്ന് ആത്മീയ തീക്ഷ്ണതയാണ്. ചെറിയ തെറ്റുകൾ പോലും സഹിക്കാനാവാതെ വരുന്നതുകൊണ്ടും ദേഷ്യം ഉണ്ടാവും. ഒരിക്കലും തിരുമേനിയുടെ സ്നേഹവും, ദൈവത്തോടുള്ള ഭക്തിയും പ്രകടനാത്മകമായിരുന്നില്ല. സ്നേഹം പ്രകടിപ്പിക്കുവാൻ തിരുമേനിക്ക് അറിയുമായിരുന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ പുഞ്ചിരിയിൽ സ്നേഹത്തിന്റെ ഒരു കടൽ ഒളിപ്പിച്ചിരുന്നു. ആ പുഞ്ചിരി വിടരുമ്പോൾ അദ്ദേഹത്തിന്റെ ഹൃദയം നിറഞ്ഞു തുളുമ്പി എന്ന് നമുക്ക് മനസ്സിലാക്കാം. തിരുമേനി ധാരാളം പുസ്തകങ്ങൾ വായിക്കുമായിരുന്നു. പക്ഷെ മഹാപണ്ഡിതനായിരുന്ന അദ്ദേഹം വളരെ കുറച്ച് മാത്രമേ സംസാരിക്കാറുള്ളായിരുന്നു.



**മുൻഗാമികളുടെ പാതയിൽ**

വന്ദ്യ പിതാക്കന്മാരുടെ പിൻഗാമിയായി കോട്ടയം ഭദ്രാസന ചുമതലയേറ്റ തിരുമേനി ഭദ്രാസനത്തെ ആത്മികവും ഭൗതികവുമായി ഉയർത്തി. പെരുന്നാളുകളിൽ ഉണ്ടായ മാറ്റം എടുത്തുപറയേണ്ടതാണ്. വലിയനോമ്പിലെ കുടുംബാരാധന യോഗങ്ങൾ മറ്റൊരു ഉദാഹരണമാണ്. അത് ആദ്യമായി ആരംഭിച്ചത് ഫിലിപ്പ് സി. അച്ചന്റെ കാലത്ത് കുഴിമറ്റം ഇടവകയിലാണ്. ഇന്ന് മലങ്കരസഭയിലെ മറ്റ് ഭദ്രാസനങ്ങൾ അത് പിന്തുടർന്ന് പോരുന്നു. ധനവിനിയോഗത്തിൽ തിരുമേനി അത്ര പ്രഗത്ഭൻ ആയിരുന്നില്ലെങ്കിലും മെത്രാസനദിന പിരിവുകളിൽ ലഭിക്കുന്ന തുകയിൽ നല്ലൊരു ശതമാനവും ചാരിറ്റിക്കായി വിനിയോഗിച്ചിരുന്നു.

ഒരപ്പനും മക്കളും എന്ന ബന്ധമാണ് തിരുമേനിയും വൈദികരും തമ്മിൽ പുലർത്തിയിരുന്നത്. വൈദികരുടെ ഏത് ആവശ്യങ്ങൾക്കും തിരുമേനിയുടെ സഹായം ഉണ്ടായിരുന്നു. രോഗികളായിരുന്ന പല വൈദികരെയും തിരുമേനി സഹായിച്ചിരുന്നു. വൈദികർക്കായുള്ള ബൈബിൾ ക്ലാസ്സുകൾക്ക് ഒരു മുടക്കവും വരുത്തുമായിരുന്നില്ല.

ജപമാലയും ജീസസ് പ്രയറും തിരുമേനിയുടെ ദയറായിലെ മാത്രം പ്രത്യേകതയാണ്. അനേകർ അതിൽ ആകൃഷ്ടരായി. തിരുമേനി കാട്ടിത്തന്ന മാതൃക മറ്റ് ഭദ്രാസനങ്ങൾക്കും സന്യാസി പ്രസ്ഥാനങ്ങൾക്കും പിന്തുടരാവുന്നതാണ്. ◆


പിതാവേ
ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കേണമേ...



ഒരു വിശ്വാസി



പിതാവേ
ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കേണമേ...



ബാബുക്കുട്ടി ഈപ്പൻ
& ഫാമിലി
മാമ്മൂട്ടിൽ

*ഒരു ദുഃഖത്തിന്റെ വെയിൽ ആറുന്ന മനസ്സിൽ ഒരു പൂവ് വിരിയുന്നു... പേരിടാൻ അറിയില്ല.*

# മിഴിവാർന്ന ഓർമ്മകളിൽ ചാലിച്ച മഷിക്കൂട്ട്

ഫാ. ജോർജ് തോമസ് പോത്താനിക്കൽ



**ബ്രേക്കിംഗ് ദ സൈലൻസ്**

ഞാൻ അവസാന വർഷ സെമിനാരി വിദ്യാർത്ഥി ആയിരുന്ന കാലം. പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ, ഫാ. ജേക്കബ് കുര്യൻ, ഫാ. ഐസക്ക് പി. ഡേവിഡ്, ഫാ. സി. സി. ചെറിയാൻ തുടങ്ങിയ സഹപാഠികൾ ഉള്ള ബാച്ച്. അങ്ങനെയിരിക്കെ ഇംഗ്ലണ്ടിൽ നിന്നും ഒരു ശെമ്മാശൻ അദ്ധ്യാപകനായി എത്തുന്ന വിവരം ഞങ്ങളിൽ സന്തോഷവും ആകാംക്ഷയുമുളവാക്കി. നേരിൽ കണ്ടപ്പോൾ വിസ്മയമായി! അതിസുന്ദരനായ, ഒരു നാണംകുണുങ്ങി ശെമ്മാശൻ; അധികം സംസാരിക്കില്ല.

ക്ലാസ്സിൽ എത്തി ഞങ്ങളോടു പറഞ്ഞു: 'Be Quit.' ഭാവിയിൽ വൈദികരാകുന്ന ഞങ്ങളെ ഒരു പുതിയ പാഠം പഠിപ്പിച്ചു. യോശുവ, യെരീഹോകോട്ട തകർത്ത ആ രഹസ്യം. ഏഴു ദിവസം യിസ്രായേൽ ജനത ഒരക്ഷരം ഉരിയാടാതെ കോട്ടയ്ക്കു ചുറ്റും നടന്നു. പിന്നീട് കാഹളം മുഴക്കി, ഒരുമിച്ച് ആർപ്പിട്ടു (യോശുവ 6). "Breaking the Silence"; കോട്ട താഴെ വീണു. പിശാചിന്റെ കോട്ടകളെ തകർക്കുവാൻ ആഴത്തിലുള്ള നിശബ്ദത തന്നെ വേണം. മൗനത്തിന്റെ ആഴത്തിൽ നിന്നും ഉരുവാകുന്ന ശബ്ദം തിന്മയുടെ കോട്ടകൾ തകർക്കുമത്രേ! 'കൗളി ഫാദേഴ്സ്' സന്യാസപ്രസ്ഥാനത്തിൽ നിന്നും ഏതാണ്ട് ഒരു പതിറ്റാണ്ടുകൊണ്ട് തിരുമേനി സ്വായത്തമാക്കിയ ജീവനരീതി ആയിരുന്നു അത്. തിരുമേനി പറഞ്ഞത് ഓർമ്മിക്കുന്നു; "അവിടെ ആരും സംസാരിക്കാറില്ല. പരസ്പരം ആശയവിനിമയം നടത്തുന്നതുപോലും എഴുത്തുകൾ മുഖേനയാണ്. സംസാരം ദൈവത്തോട് മാത്രം."

**എന്റെ വീട്...? അമ്മയുള്ള ഇടം!**

ശെമ്മാശൻ കർക്കശസ്വഭാവക്കാരനായിരുന്നു; വീട്ടിൽ പോകുവാൻ അനുവാദം ചോദിച്ചാൽ വലിയ ദേഷ്യമാണ്; വിടുകയില്ല. ശെമ്മാശന്റെ അമ്മയും ബന്ധുക്കളും എല്ലാ ആഴ്ചകളിലും ശെമ്മാശനെ സന്ദർശിക്കുവാൻ എത്തുമായിരുന്നു.

ഞാൻ ശെമ്മാശനോട് ഒരിക്കൽ ചോദിച്ചു; 'എനിക്കും അമ്മയെ കാണേണ്ടേ?' എന്ന്. പിന്നീട് അമ്മയെ കാണുവാനുള്ള ആഗ്രഹം പ്രകടിപ്പിക്കുമ്പോൾ, മൗനാനുവാദം നൽകിയിരുന്നു. തിരികെ വരുമ്പോൾ അമ്മയുണ്ടാക്കി തന്നയയ്ക്കുന്ന പലഹാരങ്ങളുടെ പൊതി ശെമ്മാശൻ കാണുമായിരുന്നു. അപ്പോൾ സ്നേഹത്തോടെ എന്നോട് ചോദിക്കും; "അപ്പോൾ ഇതിനാണ് അമ്മയെ കാണണം എന്നു പറയുന്നത് അല്ലേ?"

സ്വന്തം അമ്മയെ തിരുമേനിക്കു ജീവനായിരുന്നു.

**'ആ ചെടി മൊട്ടിട്ടു!'**

സെമിനാരിയിൽ, എനിക്കാണ് അന്ന് ഗാർഡനിംഗിന്റെ ചുമതല. പ്രധാനമായും വാഴച്ചെടിയാണ് സെമിനാരിയിൽ വയ്ക്കുന്നത്. പണം മുടക്കുവാൻ അന്ന് സെമിനാരിക്കു സാമ്പത്തികമില്ല. അതുകൊണ്ട് പല വീട്ടിലും നിൽക്കുന്ന ചെടികൾ കൊണ്ടുവയ്ക്കും. ഇത് ശെമ്മാശൻ വരുന്നതുവരെ. പിന്നീട് ആ പൂക്കാലം വരവായി. ശെമ്മാശൻ സ്വന്തം കൈയിൽനിന്നു പണം മുടക്കി പുതിയ തോട്ടം നിർമ്മിക്കുകയും പരിചരിക്കുകയും ചെയ്തു. കോട്ടയത്തെ പുഷ്പമേളകളിൽ സമ്മാനം വാരിക്കൂട്ടി. 'ആ ചെടി മൊട്ടിട്ടു' എന്നു വിളിച്ചു പറയുന്ന സന്തോഷം ഞാൻ കണ്ടിട്ടുണ്ട്. ഞങ്ങൾ ഒരുമിച്ചു ചെടികൾ നട്ടു, നനച്ചു. എത്ര ദേഷ്യപ്പെട്ടിരുന്നാലും തോട്ടത്തിലെ ഒരു ചെടിയിലേക്കു നമ്മൾ ശ്രദ്ധ ക്ഷണിച്ചാൽ ആ ദേഷ്യമൊക്കെ മാഞ്ഞുപോകും.

**വിഭജനത്തിന്റെ മുറിവുകളിൽ....**

ഞാൻ സെമിനാരി പഠനം പൂർത്തിയാക്കി. അന്ന് കോട്ടയം ഭദ്രാസനാധിപൻ ആയിരുന്ന പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് തിരുമേനിയെ വൈദികപട്ടം നൽകുവാനുള്ള ആവശ്യവുമായി സമീപിച്ചു. രോഗാധിക്യത്താൽ വലഞ്ഞിരുന്ന തിരുമേനി, സെമിനാരിയിൽ മറ്റാരെങ്കിലും പട്ടമേൽക്കുന്നതിനൊപ്പം പട്ടം ഏറ്റുകൊള്ളാൻ അനുവാദം നൽകി. ഞാൻ വിവരം ശെമ്മാശനെ അറിയിച്ചു. 'വിഷമിക്കണ്ട അതിനുള്ള മാർഗ്ഗം ഞാൻ ഒരുക്കിത്തരാം. എന്നോടൊപ്പം പട്ടംഏറ്റുകൊള്ളുക' എന്നു ശെമ്മാശൻ പറഞ്ഞു. ഇക്കാര്യം കൂറിലോസ് തിരുമേനിയെ അറിയിക്കുകയും ചെയ്തു. തിരുമേനി ഞങ്ങൾക്കു പട്ടം നൽകുവാനുള്ള ഒരുക്കങ്ങൾ നടത്തുകയും നോമ്പെടുക്കുകയും ചെയ്തു. ആവശ്യമായ ഒരുക്കങ്ങൾ എടുത്തുകൊള്ളാൻ ഞങ്ങളോടു പറയുകയും ചെയ്തു.

യാക്കോബായ-ഓർത്തഡോക്സ് വിഭാഗം വീണ്ടും വേർപിരിയലിലേക്ക് എത്തിയിരുന്നു. ഇതിനിടയ്ക്ക് എന്റെ മാതൃദേവാലയമായ മണർകാട് പള്ളിയിൽ എനിക്കു പട്ടം നൽകുന്നതിനും യാക്കോബായ വിഭാഗത്തിലേക്കു ചേർക്കുന്നതിനുമുള്ള ഒരുക്കങ്ങൾ നടക്കുന്നുണ്ടായിരുന്നു. ഇക്കാര്യം വികാരി എന്നെ അറിയിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ എനിക്കാവശ്യമായ ധൈര്യം പകർന്നു നൽകി, എന്നെ ഓർത്തഡോക്സ് വിഭാഗത്തിലുറപ്പിച്ചു നിർത്തിയത് ശെമ്മാശനായിരുന്നു.

പഴയസെമിനാരിയിൽ ഞങ്ങൾ ഒരുമിച്ച് കൂറിലോസ് തിരുമേനിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു.

**നിറം മങ്ങാത്ത ഓർമ്മചിത്രങ്ങൾ**

ഒരിക്കൽ ഗ്രീക്ക് ഓർത്തഡോക്സ് സഭയിലെ വസ്കൻ പാത്രിയർക്കീസ് സെമിനാരി സന്ദർശിക്കുവാനിടയായി. പാത്രിയർക്കീസ് തകൃതിയായി പ്രഭാഷണം നടത്തുന്ന സമയം. പാത്രിയർക്കീസിന്റെ ഒരു കാരിക്കേച്ചർ വരച്ചുകൊണ്ട് ഞാൻ ഒരു മൂലയിലിരിക്കുകയായിരുന്നു. ചിത്രം സഹപാഠികൾ വഴിയായി എങ്ങനെയോ ശെമ്മാശന്റെ കൈകളിലെത്തി. ഞാനോർത്തു എന്നെ ഇപ്പോൾ സെമിനാരിയിൽ നിന്നു പറഞ്ഞുവിടുമെന്ന്. പക്ഷേ ശെമ്മാശൻ എന്റെ കഴിവിനെ അഭിനന്ദിച്ചു. ഫാ. പോൾ വർഗീസാണ് അന്ന് പ്രിൻസിപ്പൽ. അദ്ദേഹവുമായി ശെമ്മാശൻ ചർച്ച ചെയ്തു. റഷ്യയിൽ ഉപരിപഠനത്തിനായി എന്നെയും (ഐക്കൺ രചന) എം. പി. ജോർജ്ജ് അച്ചനെയും (സംഗീതം) അയയ്ക്കുവാൻ സെമിനാരിയിൽ തീരുമാനമായി. പക്ഷേ നിർഭാഗ്യവശാൽ അതു നടന്നില്ല. അന്നത്തെ, രാജ്യത്തെ രാഷ്ട്രീയ അന്തരീക്ഷം ഞങ്ങൾക്കു പ്രതികൂലമായി നിന്നു. രാജസ്ഥാനിൽ പോയി ചിത്രകലയിലെ മഷിക്കൂട്ട് പ്രശസ്ത ഗുരുക്കന്മാരുടെ കീഴിൽ പഠിക്കുവാൻ അവസരം ലഭിച്ചു.

പാറേട്ട് മാർ ഈവാനിയോസ് തിരുമേനിക്കുശേഷം കോട്ടയം ഭദ്രാസനാധിപനായി ഈവാനിയോസ് തിരുമേനി ചുമതലയേറ്റു. എന്റെ ഗുരുനാഥനും വഴികാട്ടിയുമായ തിരുമേനി, എന്നിലെ ചിത്രകലയെ പ്രോത്സാഹിപ്പിച്ചിരുന്നു. Iconography-യിൽ ആഭിമുഖ്യം ഉണ്ടായിരുന്ന അദ്ദേഹവുമായി എനിക്കു പലപ്പോഴും (Iconography-യുടെ കാര്യത്തിൽ) അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. ആശയങ്ങൾ തിരുമേനിയുടേതും ആവിഷ്കാര സ്വാതന്ത്ര്യം എന്റേതുമായതാണ് ഇതിനു കാരണമായത്. ഒരിക്കൽ ദൈവമാതാവിന്റെ ഒരു ഐക്കണിൽ മാതാവിന്റെ കൈകളുടെ വലുപ്പം ആപേക്ഷികമായി ഒത്തിരുന്നില്ല. ഇതിനെ വിമർശിച്ച എനിക്കു തിരുമേനി പുതിയ ഒരു അറിവു തന്നു. 'ഈ ലോകത്തെ മുഴുവൻ സൃഷ്ടിച്ച ദൈവത്തെ വഹിക്കുവാൻ ഇടയായ കൈകളാണത്. ദൈവത്തെ വഹിക്കുവാൻ തക്ക വലിപ്പവും ആ കൈകൾക്കുണ്ടാവണം.' ആവിഷ്ക്കാര സ്വാതന്ത്ര്യത്തെ ഞാൻ മാറ്റിനിർത്തി തിരുമേനിയുടെ ആശയങ്ങൾക്ക് പ്രാധാന്യം നൽകി ചിത്രങ്ങൾ രചിച്ചു. Iconographyയിൽ അദ്ദേഹത്തിനു അഗാധമായ പാണ്ഡിത്യമുണ്ടായിരുന്നു. ഐക്കണുകളെ എങ്ങനെ നോക്കിക്കാണണമെന്നും അദ്ദേഹം പറയുമായിരുന്നു. മെഴുകുതിരിനാളത്തിന്റെ അരണ്ട വെളിച്ചത്തിൽ ഐക്കണുകളെ നിരീക്ഷിക്കണമെന്നും അപ്പോൾ അവയുടെ മഹത്വം ദർശിക്കുമെന്നും അദ്ദേഹം പഠിപ്പിച്ചു. ഓരോ വ്യക്തിയിലും അന്തർലീനമായിരിക്കുന്ന കഴിവുകളെ കണ്ടെത്തി അവയെ പരിപോഷിപ്പിച്ചിരുന്ന തിരുമേനി എന്നിലെ ചിത്രകാരനെയാണ് കണ്ടെത്തിയതും പ്രോത്സാഹിപ്പിച്ചതും.

ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ഐക്കണായ പാമ്പാടി ദയറായിലെ ഐക്കൺ വരക്കുന്നതിനും എനിക്കു നിയോഗമുണ്ടായി. അവിടെ ചിത്രീകരിച്ചിരിക്കുന്നത് വി. കുർബ്ബാനാരംഭത്തിൽ 'നിന്നെ പ്രസവിച്ച മാതാവും...' എന്നു തുടങ്ങുന്ന ഭാഗവും വിശ്വാസപ്രമാണവുമാണ്. പ. പരുമല തിരുമേനി, പ. വട്ടശ്ശേരിൽ തിരുമേനി, പ. പാമ്പാടി തിരുമേനി എന്നിവരെയും വി. ഗണത്തിൽ ഉൾപ്പെടുത്തി ഐക്കണുകൾ പൂർത്തിയാക്കിയത് തിരുമേനിയുടെ ആശയമാണ്. പാമ്പാടി ദയറായിലേക്കാവശ്യമായ ഐക്കൺ വരയ്ക്കുമ്പോൾ, പലപ്പോഴും എന്നെ സമീപിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. ഞാൻ മറ്റു ചിത്രങ്ങൾ വരയ്ക്കുന്നതിനോട് തിരുമേനിക്ക് എതിർപ്പുണ്ടായിരുന്നു. ഇപ്പോൾ തിരുമേനിയുടെ അദൃശ്യ സാന്നിധ്യമാണ് ചിത്രരചനയിലെ എന്റെ പ്രചോദനം. ആ സാന്നിദ്ധ്യം ജീവിതാവസാനം വരെ ഉണ്ടാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

◆

*എന്റെ ഉള്ളം നിറയെ കരച്ചിലാണ്. ഞാൻ കുറിച്ചതൊക്കെ അതിന്റെ സാക്ഷ്യവും...*

# സഞ്ചാരപാതയിൽ

ശശീന്ദ്രൻ



ശശി എന്നെ കൊല്ലുവാൻ കൊണ്ടുപോകുകയാണോ? കാറിൽ യാത്രചെയ്യുമ്പോൾ തിരുമേനിക്ക് ചിലപ്പോൾ ദേഷ്യം വരും. തിരുമേനി അത് വേഗതകൂടിയിട്ടല്ലല്ലോ! റോഡ് മോശമായിട്ടല്ലേ! ഇത് ഞാൻ പറയുമ്പോഴേക്കും തിരുമേനി ശാന്തനായിട്ടുണ്ടാകും. യാത്രകളോട് വലിയ താൽപര്യം ഉണ്ടായിരുന്ന ആളല്ല തിരുമേനി. ദൂരെ ഉള്ള പരിപാടികൾ പരമാവധി ഒഴിവാക്കും. കൂടുതൽ പരിപാടികൾക്കും ക്ഷണിച്ചിരുന്നത് മറ്റ് ഭദ്രാസനങ്ങളിൽ ഉള്ളവരാണ്. പ്രത്യേകിച്ച് തിരുവല്ല, പത്തനംതിട്ട ഭാഗത്ത് ഉള്ളവർ. ഏറെ ദൂരം യാത്ര ചെയ്തത് ഒരിക്കൽ മാത്രം; ബാംഗ്ലൂരിലേക്ക്.

പണ്ട് ഒരിക്കൽ തിരുവനന്തപുരത്ത് തിരുമേനിയുമായി ഒരു പരിപാടിയിൽ സംബന്ധിക്കാൻ പോയി. തിരുമേനിയുടെ പഴയ കെ.എൽ.ആർ. 9399 കറുത്ത അമ്പാസിഡർ കാറിലാണ് യാത്ര, പെട്രോൾ കമ്മിയാണ്. രാവിലെ യാത്ര തിരിച്ചതിനാൽ പെട്രോൾ പമ്പുകൾ ഒന്നും തുറന്നിട്ടില്ല. ഇത്രയും കുറഞ്ഞ ഇന്ധനവുമായി എന്തായാലും തിരുവനന്തപുരത്ത് എത്തില്ല എന്ന് തിരുമേനിയെ ഞാൻ ഓർമ്മിപ്പിച്ചു. 'ശശി ഞാൻ പറയുന്നത് കേട്ടാൽ മതി. പെട്ടെന്ന് പോയാട്ടെ. തിരുവനന്തപുരത്ത് എത്തിക്കൊള്ളും." തിരുമേനി ആത്മവിശ്വാസത്തോടെ പറഞ്ഞു. എനിക്ക് വിശ്വാസമായില്ല. എപ്പോൾ വേണമെങ്കിലും പെട്രോൾ തീർന്ന് വഴിയിൽ കിടക്കാം. പെട്രോൾ പമ്പുകൾ തിരഞ്ഞ് ഞാൻ വേഗത്തിൽ വണ്ടിയോടിച്ചു. തിരുവനന്തപുരത്ത് എത്തി ആദ്യം കണ്ട പെട്രോൾ പമ്പിന്റെ മുമ്പിൽ എത്തിയതും വണ്ടി തനിയെ നിന്നു. പെട്രോൾ തീർന്നിരിക്കുന്നു. ഞാൻ കാറിൽ നിന്നും ഇറങ്ങി, വണ്ടി തള്ളി പെട്രോൾ പമ്പിലേക്ക് കയറ്റി. ഞാൻ ആശ്ചര്യപ്പെട്ടു.

ഒരിക്കൽ ഓതറ വഴി ഞങ്ങൾ ഒരു യാത്ര പോയി മടങ്ങി വരികയാണ്. കാറിൽ ഉണ്ടായിരുന്നവരോട് തിരുമേനി സ്വന്തം വീട് കാട്ടിത്തരാം എന്ന് പറഞ്ഞ് ജനാലക്ക് പുറത്തേക്ക് കണ്ണുംനട്ട് ഇരിക്കുകയാണ്. പെട്ടെന്ന് തിരുമേനി പറഞ്ഞു, "അതാണ് എന്റെ വീട്." പലവട്ടം തിരുമേനിയോടൊപ്പം തിരുമേനിയുടെ വീട്ടിൽ പോയിരുന്നതിനാൽ തിരുമേനിക്ക് തെറ്റി എന്ന് എനിക്ക് മനസ്സിലായി. ഞാൻ പറഞ്ഞു "അതല്ല തിരുമേനിയുടെ വീട്." വീണ്ടും മുമ്പോട്ട് പോയി. തിരുമേനി ആവർത്തിച്ചു, "ആ കാണുന്നതാ എന്റെ വീട്." അപ്പോൾ ഞാൻ പറഞ്ഞു. "അതല്ല." തിരുമേനി പെട്ടെന്നാണ് പ്രതികരിച്ചത് "ശശി എനിക്കെന്താ വീടില്ലേ, പിന്നെ ഏതാ എന്റെ വീട്?" ഞങ്ങൾ അറിയാതെ ചിരിച്ചുപോയി. യഥാർത്ഥത്തിൽ തിരുമേനിയുടെ വീടും കഴിഞ്ഞ് കാർ ഏറെ ദൂരം പിന്നിട്ടിരുന്നു.

കാറിൽ യാത്ര ചെയ്യുമ്പോൾ തിരുമേനി

*(ശേഷം അഞ്ചാം പേജിൽ)*

*നാം സ്വർഗ്ഗത്തിൽ പ്രവേശിക്കും എന്ന് വിശ്വസിക്കുന്നു. എന്നാൽ ഇവിടെ സ്വർഗ്ഗം ചിലരിലേക്ക് പ്രവേശിക്കുകയാണ്...*

### മൂന്ന് പിതാക്കന്മാർ ഗമനം ചെയ്ത

# സമാന്തരവീഥികളിലൂടെ

## ഒരു പുനർയാത്ര

**കുറിയാക്കോസ് പുകടിയിൽ**

അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനി ഒരിക്കൽ ബർണബാസ് തിരുമേനിയെ സന്ദർശിക്കവേ അടുത്തു കൂടിനിന്നവരോട് പറഞ്ഞു. "എന്നേക്കാൾ ശ്രേഷ്ഠനായ വ്യക്തിയാണ് തിരുമേനി." ബർണബാസ് തിരുമേനി മറുപടി ആയി പറഞ്ഞു, 'അല്ല ശ്രേഷ്ഠത എനിക്ക് അവകാശപ്പെടാനില്ല. ദൈവമുമ്പിൽ ശ്രേഷ്ഠപിതാവ് അങ്ങ് തന്നെ' എന്ന്. ഒസ്താത്തിയോസ് തിരുമേനി അതിനോട് യോജിച്ചില്ല. 'ഞാൻ പേരെടുത്തു. ബർണ്ണബാസ് തിരുമേനി പേരെടുത്തില്ല. അതിനാൽ ദൈവമുമ്പിൽ ബർണ്ണബാസ് തിരുമേനി തന്നെയാണ് ശ്രേഷ്ഠൻ. തീർച്ചയായും അങ്ങനെയുള്ളവർക്ക് സ്വർഗ്ഗം ലഭിക്കും' എന്നു പറഞ്ഞു.

ക്രിസ്തുവിന്റെ നിഴൽ വീണ ഏതാനും ചില ഗുരുക്കന്മാരാൽ സമ്പന്നമാണ് മലങ്കര സഭ. സാധാരണക്കാരായിരിക്കുമ്പോഴും അസാധാരണമായ ജീവിതംകൊണ്ട് നമ്മെ വിസ്മയിപ്പിക്കുകയും വീണ്ടെടുക്കുകയും ചെയ്യുന്ന മഹാഗുരുക്കന്മാർ. ഇങ്ങനെയുള്ള ഗുരുപ്രഭാവം കൊണ്ടാണ് പലപ്പോഴും സഭ അതിന്റെ തിളക്കം വർദ്ധിപ്പിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിൽ മലങ്കരസഭയ്ക്ക് ദൈവം നൽകിയ മൂന്ന് പിതാക്കന്മാരാണ് അഭി. ഒസ്താത്തിയോസ് തിരുമേനിയും, അഭി. ബർണബാസ് തിരുമേനിയും, അഭി. ഈവാനിയോസ് തിരുമേനിയും.

മൂന്ന് യോഗികളെയും ബന്ധിപ്പിക്കുവാനുള്ള കാരണം ഒരേ മേഖലയിൽ വളരെയേറെ ത്യാഗം സഹിച്ച് അവരവരുടേതായ സംഭാവനകൾ നൽകി എന്നുള്ളതാണ്. അനേകം വൈദികരെയും തിരുമേനിമാരെയും സ്വന്തം ജീവിതം മുന്നിൽ വച്ച് പഠിപ്പിച്ച ഗുരുക്കന്മാർ. വെല്ലുവിളികൾ നിറഞ്ഞ ഈ കാലത്തിലേക്ക് ഉത്തമന്മാരായ ശിഷ്യന്മാരെ തിരഞ്ഞെടുത്ത് നിയോഗിച്ച ക്രാന്തദർശികൾ. മീൻ പിടിച്ചുനടന്ന ഒരു പറ്റം സാധുക്കളായ ചെറുപ്പക്കാരെ മനുഷ്യരെ പിടിക്കുന്നവരാക്കാം എന്ന് പറഞ്ഞ് ക്ഷണിച്ച ക്രിസ്തുവിനെപ്പോലെ ഒരുമിച്ച് ജീവിച്ചും, സഞ്ചരിച്ചും, പഠിപ്പിച്ചും, ശാസിച്ചും, സ്നേഹിച്ചും അതീവ ശ്രദ്ധയോടെ ചേർത്തുപിടിച്ചും ക്രിസ്തുവിനെ കൊടുക്കാൻ പരിശീലിപ്പിച്ച മൂന്ന് പരിത്യാഗികൾ.

ഈ മൂന്ന് സുഗന്ധനദികളുടെയും ഉറവ പൊട്ടുന്നത് 'സഭയുടെ തറവാട്' എന്ന് വിശേഷിപ്പിക്കുന്ന പഴയസെമിനാരിയിൽ നിന്നാണ്. സെമിനാരി അദ്ധ്യാപകൻ എന്ന നിലയിലാണ് ഇവർ കൂടുതൽ അറിയപ്പെട്ടതും. അത് പിന്നീട് മൂന്നായി ഒഴുകി. ഒന്ന് സഭയുടെ പ്രഥമ പരിശുദ്ധന്റെ സന്നിധിയിലേക്കും ഒന്ന് 'കാടും മലയും കയറിയിറങ്ങി' പിന്നീട് സമ്പന്നതയുടെ ഈറ്റില്ലമായ അമേരിക്കയിലേക്കും ഒന്ന് സഭയുടെ ഹൃദയവും കേന്ദ്രവുമായ കോട്ടയത്തേക്കും ഒഴുകി. തങ്ങൾ മുറുകെ പിടിച്ചിരുന്ന നിഷ്ഠയും വിശുദ്ധിയും ലാളിത്യവും അവരെ ഒന്നിനും തളർത്താൻ കഴിഞ്ഞില്ല. അത് ശാന്തമായി ഒഴുകി.

അഭി. ഒസ്താത്തിയോസ് തിരുമേനിയും അഭി. ബർണബാസ് തിരുമേനിയും അഭി.



ഈവാനിയോസ് തിരുമേനിയും അവർണ്ണനീയമായ സമാനതകൾ പുലർത്തിയിരുന്നവരാണ്.

**1. അച്ചടക്കമുള്ള ആരാധനാ ജീവിതം.** ദൈവഭക്തിയിൽ കേന്ദ്രീകരിച്ച് ആരാധനയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ജീവിക്കുക. ഭക്ഷണസമയത്ത് കഴിച്ചില്ലെങ്കിലും കൃത്യസമയത്ത് യാമനമസ്കാരങ്ങൾ നടത്തുക. വി. കുർബാനയിലും മറ്റുള്ള ശുശ്രൂഷകളിലും അനുതാപത്തിന്റെയും സമർപ്പണത്തിന്റെയും മനോഭാവം വളർത്തുക. 'ഇളക്കങ്ങളുടെ കാലത്തിൽ അടക്കമുള്ള ആരാധന' പരിശീലിപ്പിക്കുക. ആരാധനയുടെ പേരിൽ നടത്തുന്ന അനാചാരങ്ങളെയും കോലാഹലങ്ങൾക്കുമെതിരെ ശബ്ദമുയർത്തുക. പക്ഷെ സഭയുടെ നിഷ്ഠയിൽ ലോകത്തിന്റെ ചിന്ത കയറാതെ എപ്പോഴും സൂക്ഷിച്ചിരുന്നു. ഉപവാസത്തിലും നോമ്പിലും കാണിച്ച താൽപര്യം അവരെ വിശുദ്ധിയിലേക്ക് വളർത്തി.

**2. സമൂഹത്തോടുള്ള പ്രതിബദ്ധത.** ഏതൊരാളിലും ക്രിസ്തുവിന്റെ പ്രകാശം കൊടുക്കാൻ സാധിക്കുക എന്നത് നമ്മുടെ ജീവിതത്തിൽ നമുക്ക് നൽകാൻ കഴിയുന്ന ഏറ്റവും വലിയ സുവിശേഷമാണ്. സഭയിൽപ്പെട്ടവരോട് മാത്രമല്ല, മറ്റുള്ള മതസ്ഥരോടും ക്രിസ്തീയ സമൂഹങ്ങളോടും കാണിച്ച താൽപര്യവും ആദരവും നമുക്ക് വലിയ മാതൃകയാണ്. നമ്മുടെ പള്ളികളും വീടുകളും മാത്രമല്ല മറ്റുള്ളവരെയും മനസ്സു തുറന്ന് സഹായിക്കുന്ന സമീപനം ഇവരിൽ പ്രകടമായിരുന്നു. ഒരുപക്ഷേ സഹായം ചോദിക്കുന്നത് സത്യസന്ധമല്ലായിരുന്നുവെങ്കിൽകൂടി കൊടുക്കുമായിരുന്നു. നാളത്തേക്ക് കരുതുവാൻ ഇവർ ശ്രമിച്ചിരുന്നില്ല.

**3. ലാളിത്യമുള്ള ജീവിതം.** ശിശുസഹജമായ നൈർമല്യവും സംസാരവും ഇവരുടെ ജീവിതത്തിലേക്ക് അനേകരെ ആകർഷിച്ചിട്ടുണ്ട്. 'നിങ്ങൾ ശിശുക്കളെ പോലെയായില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല' എന്നുള്ള ക്രിസ്തുവിന്റെ പഠിപ്പിക്കൽ അർത്ഥവത്താവുന്നത് ഇവരുടെ ജീവിതത്തിലാണ്. താൻ വലിയ പണ്ഡിതനാണെന്നോ, വിശുദ്ധനാണെന്നോ, ഇല്ലാത്തത് ഭാവിക്കാനോ, വലിപ്പം നടിക്കാനോ ഈ പിതാക്കന്മാർ ശ്രമിച്ചിരുന്നില്ല. നടപ്പിലും സംസാരത്തിലും ഈ 'വിശുദ്ധി' കാത്തുസൂക്ഷിച്ചു. വലിയ പ്രസംഗങ്ങൾക്ക് പകരം ലളിതമായ ചിന്തകളും വാക്കുകളും മാത്രമേ ഉണ്ടായിരുന്നുള്ളു. ജീവിതം എപ്പോഴും ലാളിത്യത്തിലമർന്നിരുന്നു. എന്നാൽ ദർശനം ഉന്നതവുമായിരുന്നു.

**സഹോദരന്മാർ ഒരുമിച്ച് വസിക്കുന്നത്...**

ബർണബാസ് തിരുമേനിയും ഈവാനിയോസ് തിരുമേനിയും അവസാനം വരെയും തികഞ്ഞ സൗഹൃദം പുലർത്തിയിരുന്നു. ഒരു അനുജനെപ്പോലെ നിന്ന് ബർണബാസ് തിരുമേനിയുടെ ആഗ്രഹങ്ങളെല്ലാം നിറവേറ്റുന്ന ഒരാളായിട്ടാണ് ഈവാനിയോസ് തിരുമേനിയെ കാണാൻ സാധിച്ചത്. ആഴ്ചയിൽ ഒന്നെങ്കിലും പാമ്പാടി ദയറായിൽ വന്ന് കാണുകയും ആശുപത്രിയിൽ ആകുമ്പോൾ എല്ലാ ദിവസവും തുടർച്ചയായി വരികയും ചെയ്യുന്ന ഈവാനിയോസ് തിരുമേനി അദ്ദേഹത്തിന്റെ ശിശുസഹജമായ നിർബന്ധങ്ങൾ പോലും സാധിപ്പിച്ച് കൊടുക്കാൻ നിർദ്ദേശിച്ചിരുന്നു. രണ്ടുപേരുടെയും പ്രവർത്തനമണ്ഡലവും ജീവിതരീതിയും പരിശോധിച്ചാൽ ധാരാളം അത്ഭുതങ്ങൾ കാണാൻ സാധിക്കും. ഈവാനിയോസ് തിരുമേനി അത് പറഞ്ഞിട്ടുമുണ്ട്. ഒന്ന് – സെമിനാരിയിൽ ബർണബാസ് തിരുമേനിയുടെ പിൻഗാമിയായിട്ടാണ് ഈവാനിയോസ് തിരുമേനി വരുന്നത്. വാർഡനായിട്ടും അദ്ധ്യാപകനായിട്ടും – പ്രത്യേകിച്ച് ഗ്രീക്ക് എന്ന വിഷയത്തിലും. പിന്നീട് കോട്ടയത്തിന്റെ സഹായ മെത്രാപ്പോലീത്താ യായി ബർണബാസ് തിരുമേനി 1980 മുതൽ 85 വരെ സേവനം അനുഷ്ഠിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയായിട്ടാണ് ഈവാനിയോസ് തിരുമേനി കോട്ടയത്തേക്ക് വരുന്നത്. ബർണബാസ് തിരുമേനി ഇടുക്കിയിലേക്കും പോയി. പിന്നീട് ഈവാനിയോസ് തിരുമേനിയുടെ ഒരു അമേരിക്കൻ സന്ദർശനത്തിന്റെ റിപ്പോർട്ടാണ് ബർണബാസ് തിരുമേനിക്ക് അമേരിക്കൻ ഭദ്രാസനത്തിന്റെ ചുമതല ലഭിക്കാൻ ഇടയാക്കിയത്. രണ്ടു പേരും അവരുടെ ഭദ്രാസനം ആത്മീയമായും ഭൗതികമായും വളർത്തുന്നതിന് വളരെയേറെ കഷ്ടപ്പെടേണ്ടതായി വന്നു. ധാരാളം എതിർപ്പുകളും വിമർശനങ്ങളും അവർ സഹിച്ചു. പക്ഷെ അവരിൽ ശാന്തമായി ഒഴുകിയ ക്രിസ്തുസാന്നിദ്ധ്യം അവരെ തളർത്തിയില്ല. ആ ഒഴുക്ക് ഇന്നും സഭയ്ക്കുവേണ്ടി നമ്മിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്നു. ധാരാളം യുവാക്കളും യുവതികളും ഇവരുടെ 'കർക്കശമായ' ജീവിതത്തിലേക്ക് ആകർഷിക്കപ്പെട്ടു. വൈദികരായും ദയറാക്കാരായും അവരിൽ അനേകർ നമ്മുടെ ചുറ്റുമുണ്ട്. അമേരിക്കയുടെ പുതുതലമുറയെ ആകർഷിച്ച പിതാവാണ് ബർണബാസ് തിരുമേനി. നാട്ടിൽ അനേകം യുവാക്കൾ ഇന്ന് വന്നുചേരുന്ന ഒരിടമാണ് ഈവാനിയോസ് തിരുമേനിയുടെ 'തട്ടിൻപുറം'കുന്ന്.

ക്രിസ്തുവിനെപ്പറ്റിയുള്ള ഓർമ്മകളുടെ സമൃദ്ധിയാണ് മൂന്നു പിതാക്കന്മാരും നമ്മിൽ നിക്ഷേപിച്ചത്. ◆

## സഞ്ചാരപാതയിൽ...

*(നാലാം പേജിൽ നിന്നും)*

മുടങ്ങാതെ പ്രാർത്ഥിക്കുകയും കൊന്തചൊല്ലുകയും വായനയിൽ മുഴുകുകയും ചെയ്തിരുന്നു.

തിരുമേനിക്ക് ആവശ്യമായ മരുന്ന്, ഭക്ഷണം, പ്ലേറ്റ്, മഗ്ഗ് എന്നിവ ഞാൻ കാറിൽ എപ്പോഴും കരുതുമായിരുന്നു. ഹോട്ടലിൽ നിന്നും ഭക്ഷണം വാങ്ങി കഴിക്കുക പതിവില്ല. ഊണ് വാങ്ങി കഴിച്ചതായി ഓർമ്മയിൽ പോലും ഇല്ല. തിരുവനന്തപുരം ഭാഗത്തേക്ക് യാത്ര ചെയ്യുമ്പോൾ ചെങ്ങമനാട് ആശ്രമം, ശാസ്താംകോട്ട ആശ്രമം ഇവിടങ്ങളിൽ നിന്നും ഭക്ഷണം കഴിക്കുമായിരുന്നു. ഒരിക്കൽ തൃപ്പൂണിത്തുറ ഉഡുപ്പി ഹോട്ടലിൽ നിന്നും മാത്രമാണ് ഒരു മസാലദോശ വാങ്ങി കാറിൽ വച്ച് കഴിച്ചത്.

വാഹനത്തിന് ഇന്ധനം നിറയ്ക്കുവാനുള്ള പണമൊന്നും തിരുമേനി യാത്രയിൽ കരുതാറില്ല. തിരികെ വരുമ്പോൾ ചിലവായ പണം എടുത്തുകൊള്ളുവാൻ എന്നോടു പറയും. അതിന് തിരുമേനി കണക്കു പറയാറുമില്ല. തിരുമേനിക്ക് പുതിയ വാഹനങ്ങളോട് യാതൊരു ഭ്രമവും ഉണ്ടായിരുന്നില്ല. ആരോഗ്യപ്രശ്നം മൂലം ഡോ. പത്രോസ് മത്തായി വാഹനം മാറണമെന്ന് കർശന നിർദ്ദേശം നൽകുകയായിരുന്നു. വാഹനത്തിൽ പതാക ഉപയോഗിക്കുവാൻ അനുവദിക്കാറില്ല. പുതിയ വാഹനം വാങ്ങുമ്പോൾ പരുമല കബറിടത്തിൽ കൊണ്ടുപോയി കൂദാശ ചെയ്യും. യാത്രാവേളകളിൽ വാഹന പരിശോധനയ്ക്കായി പോലീസ് ഉദ്യോഗസ്ഥർ വണ്ടി നിർത്തുവാൻ ആവശ്യപ്പെടുമ്പോൾ വാഹനത്തിനുള്ളിൽ തിരുമേനിയാണ് എന്ന് പറഞ്ഞ് യാതൊരു സൗജന്യവും വാങ്ങേണ്ട എന്ന് എന്നോട് പറയും.

**2013 ഏപ്രിൽ 12 വെള്ളി**

തിരുമേനി രാവിലെ പതിവുപോലെ പ്രാർത്ഥിച്ചു. കരിപ്പാൽ ആശുപത്രിയിൽ ഡയാലിസിസിന് പോകുവാനുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചു. ഇഡലിയും കടലക്കറിയുമായിരുന്നു പ്രഭാത ഭക്ഷണം. ഡയാലിസിസ് ഉള്ളതിനാൽ ഞാൻ അര ഗ്ലാസ്സ് വെള്ളം മാത്രമാണ് നൽകിയത്. "ശശി, അല്പം കൂടി വെള്ളം വേണം. മരിക്കുന്നെങ്കിൽ വെള്ളം കുടിച്ചു മരിക്കട്ടെ." ആ പറഞ്ഞത് ഓർക്കുമ്പോൾ ഇപ്പോഴും എന്റെ കണ്ണ് നിറയും.

പതിവിലും പ്രസന്നതയോടെ തിരുമേനി കാറിൽ കയറി. 7.30 തോടെ കരിപ്പാൽ ആശുപത്രിയിലെത്തി. വർഗീസും ഒപ്പം ഉണ്ടായിരുന്നു. ആദ്യം തിരുമേനിയുടെ വെയിറ്റ് നോക്കി. 78 കിലോ ആയിരുന്നു ഭാരം. തിരുമേനിയെ ഞങ്ങൾ കട്ടിലിൽ ഇരുത്തി. എ.സി. മുറിയായിരുന്നതിനാൽ കമ്പിളി എടുക്കുവാൻ ഞങ്ങൾ പുറത്തേക്ക് ഇറങ്ങുവാൻ തുടങ്ങുമ്പോൾ തിരുമേനി കട്ടിലിൽ നിന്ന് താഴേക്കു വീണു. ഞങ്ങൾ ഓടിച്ചെന്ന് പിടിച്ച് എഴുന്നേല്പിച്ച് കട്ടിലിൽ ഇരുത്തി. "എനിക്കെന്ത് പറ്റി. ഒന്നും ഓർമ്മയില്ലല്ലോ. എന്റെ പാന്റ് അഴിഞ്ഞുവെന്ന് തോന്നുന്നു" എന്ന് തിരുമേനി പറഞ്ഞു. "സമയം പോയി. ഡയാലിസിസ് തുടങ്ങാം" എന്ന് പറഞ്ഞ് കട്ടിലിലേക്ക് ചാഞ്ഞു കിടന്നു. പിന്നീട് തിരുമേനി ബോധാവസ്ഥയിലേക്ക് എത്തിയില്ല. ആ വേർപാടിന്റെ വേദനയിൽ ഒരു വർഷം പിന്നിടുന്നു.

ഞാൻ ഒന്നും ഇല്ലാത്തവനായി തിരുമേനിയോടൊപ്പം കൂടിയതാണ്. പതിറ്റാണ്ടുകളോളം തിരുമേനിയുടെ സന്തത സഹചാരിയായി. കാലം ചെയ്യുന്ന ആ നിമിഷം വരെയും ഞാൻ കൂടെ ഉണ്ടായിരുന്നു. തിരുമേനി തന്നതാണ് എനിക്ക് ഈ ജീവിതം. തിരുമേനി എന്നും എപ്പോഴും എന്റെ കൂടെ ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.

ഞാനെന്ന ഒരു പിടി കളിമണ്ണിനെ അലിവോടെ സ്പർശിച്ച കരങ്ങളാണ് ഗുരു.

ശിഷ്യനെപ്പറ്റി ഗുരുവിന്റെ മധുരിക്കുന്ന സ്മരണകൾ...

# വാണ്യൈകാ സമലം കരോതിപുരുഷം

**ഡോ. പി. വി. വിശ്വനാഥൻ നമ്പൂതിരി**

**(തിരുമേനിയുടെ സംസ്കൃത അദ്ധ്യാപകൻ)**

സഹനാവവതു സഹനൗഭുനക്തു
സഹവീര്യം കരവാവഹൈ
തേജസ്വിനാവധിതമസ്തു


മാ വിദ്വിഷാവഹൈ – എന്ന ഉപനിഷത് മന്ത്രാർത്ഥം സാർത്ഥമാകുന്ന ബന്ധമാണ് ഈവാനിയോസ് തിരുമേനിയുമായുള്ളത്. ഒരു ഗുരുശിഷ്യബന്ധം എന്നതിലുപരി ഞങ്ങൾ ഒന്നിച്ചു പഠിക്കുകയും പഠിപ്പിന്റെ ശക്തി അനുഭവിക്കുകയും ചെയ്തിരുന്നു. ഏതാണ്ട് കാൽ നൂറ്റാണ്ടുകാലമായി തിരുമേനിയുമായുള്ള ബന്ധം ആരംഭിച്ചിട്ട്. സംസ്കൃതം പഠിക്കണമെന്ന ഏക ആഗ്രഹത്തോടെയാണ് തിരുമേനി വരുന്നത്. എന്നിട്ട് വളരെയധികം സന്തോഷവും അത്ഭുതവും തോന്നി. ഭാരതീയ സംസ്കാരത്തിന്റെ വിജ്ഞാന ഖനിയായ സംസ്കൃതം, ക്രിസ്തീയ സമുദായത്തിന്റെ ഉന്നതനായ ഒരാചാര്യൻ പഠിക്കുവാനാഗ്രഹിക്കുന്നു. പ്രായാധിക്യം രോഗാതുരതയും ജോലിഭാരവുമൊന്നും അദ്ദേഹത്തിനു വിഷയമല്ല. പഠിക്കുവാനുള്ള അഭിവാഞ്ഛ, അതിനുവേണ്ടി പ്രയത്നിക്കുവാനുള്ള മനസ്സ് അതിലുപരി ആത്മീയതയുടെ ബലിഷ്ഠമായ ശക്തി. വിദേശയാത്രകളിൽ ഭാരതത്തിൽനിന്നും വന്ന തിരുമേനിയോട് സംസ്കൃതം അറിയില്ലേ? എന്ന ചോദ്യമാണ് സംസ്കൃത പഠനത്തിന് പ്രചോദനം. ഇംഗ്ലീഷും, ജർമ്മനും, ലാറ്റിനും ഒക്കെ പഠിച്ച തിരുമേനിക്ക് സംസ്കൃതപഠനം അനായാസമായിരുന്നു. എങ്ങനെ തുടങ്ങണം? എവിടെ തുടങ്ങണം എന്ന സന്നിഗ്ദ്ധാവസ്ഥയിൽ സംസ്കൃതഭാഷയിലെ ഏതംശമാണ് തിരുമേനിക്ക് ഇണങ്ങുന്നതെന്നറിയാൻ രണ്ടുമൂന്നു മാസം വേണ്ടിവന്നു. രഘുവംശാദികളായ സാഹിത്യകൃതികൾ കുറച്ചു പഠിച്ചെങ്കിലും തിരുമേനിക്ക് ഇണങ്ങിയില്ല. വേദാന്തപഠനത്തിനായി ഉപനിഷത്തുകൾ തുടങ്ങിയിട്ടും ശരിയായില്ല. പിന്നീട് കുറെ സുഭാഷിതങ്ങൾ പഠിച്ചു. അത് തിരുമേനിക്കു താൽപര്യമാണെന്നു തോന്നി. പക്ഷെ അതിലൊക്കെ ഉപരി വ്യാകരണപഠനത്തിനാണ് തിരുമേനിയുടെ മനസ്സ് എന്നു കണ്ടുപിടിച്ചു. സംസ്കൃതഭാഷയുടെ അടിസ്ഥാന വ്യാകരണഗ്രന്ഥമായ ലഘുസിദ്ധാന്തകൗമുദിയിലാണ് തിരുമേനിയുടെ സംസ്കൃത പഠനം ഉറച്ചത്. സിദ്ധരൂപത്തിലെ നാമരൂപങ്ങളും ക്രിയാരൂപങ്ങളും തിരുമേനി ഉരുവിട്ടുപഠിച്ച് ഉറപ്പിച്ചു. ഓരോ രൂപങ്ങളുടെ നിഷ്പാദന പ്രക്രിയയും തിരുമേനിക്ക് ഏറെ അത്ഭുതമുളവാക്കി. അന്നന്നു പഠിക്കുന്ന ഭാഗങ്ങൾ അടുത്ത ക്ലാസ്സിലേക്ക് ഉരുവിട്ടുറപ്പിച്ച് മനഃപാഠമാക്കും. ആവശ്യപ്പെട്ടില്ലെങ്കിലും ചൊല്ലി കേൾപ്പിക്കും. വിദേശയാത്രയിലും കാർയാത്രകളിലും ലഘുസിദ്ധാന്തകൗമുദി കൈയിലുണ്ടാകും. അദ്ദേഹത്തിന്റെ ഇഷ്ട ഡ്രൈവർ ശശി ഇത് എപ്പോഴും പറയാറുണ്ട്. ഒരു മണിക്കൂറോളമാണ് പഠനസമയം. ഞാലിയാകുഴി ദയറായിലും കോട്ടയം ഭദ്രാസന ഓഫീസിലും വൈദികസെമിനാരിയിലെ സോഫിയാ സെന്ററിലും മാറിമാറി ഞങ്ങൾ പഠനം നിർവഹിച്ചിട്ടുണ്ട്. സന്ദർശകരുടെ എത്ര തിരക്കു വന്നാലും തിരുമേനി ഗൗനിക്കില്ല. പഠിപ്പു കഴിഞ്ഞേ ബാക്കി കാര്യമുള്ളു. കർശനക്കാരനും കടുപ്പക്കാരനുമാണ് തിരുമേനിയെങ്കിലും സൗമ്യനും പ്രശാന്തഗംഭീരനുമായ ഒരു ഋഷിതുല്യനായിരുന്നു എന്റെ മുമ്പിൽ. പഠിച്ച ഭാഗങ്ങൾ ഉറച്ചുകഴിഞ്ഞേ അടുത്തഭാഗം പഠിക്കുകയുള്ളു. ഞാൻ പറയാൻ വിട്ടുപോയ കാര്യങ്ങൾ പിറ്റേദിവസം സംശയമായി തിരുമേനി ഉന്നയിക്കും. ശാസ്ത്രീയവും യുക്തിസഹവുമായ മറുപടി കിട്ടിയാലേ തിരുമേനി തൃപ്തനാകുകയുള്ളു. അതുകൊണ്ട് എല്ലാ ക്ലാസിനും പഠിപ്പിക്കുന്ന ഭാഗത്തിന്റെ എല്ലാ വശങ്ങളും ഞാൻ നന്നായി പഠിച്ചിട്ടേ പോകുകയുള്ളു. സംസ്കൃതം പഠിക്കുവാൻ ഇത്രയും വൈകിപ്പോയതിൽ തിരുമേനിക്ക് പലപ്പോഴും ഉൽക്കണ്ഠ ഉണ്ടായിരുന്നു. ഇന്നത്തെ ചെറുപ്പക്കാരായ കുട്ടികൾ സംസ്കൃത വ്യാകരണം പഠിച്ച് ബുദ്ധിയും മനസ്സും സൂക്ഷ്മമാക്കി വയ്ക്കേണ്ടതാണെന്ന് തിരുമേനിക്ക് ആഗ്രഹമുണ്ടായിരുന്നു. ഭാഷയിൽ ആർക്കും എളുപ്പം ദഹിക്കാത്തതും രസിക്കാത്തതുമായ വ്യാകരണമായിരുന്നു തിരുമേനിക്ക് ഏറെ ഇഷ്ടം. ഉച്ചാരണത്തിന്റെ കാര്യത്തിലും കണിശ്ശക്കാരനാണ് തിരുമേനി. രോഗാതുരത ഏറെയുണ്ടായിട്ടും പഠിപ്പിൽ ഉദാസീനനായില്ല. ഡയാലിസിസ് ചികിത്സ തുടങ്ങുമ്പോഴും ക്ഷീണം മാറുമ്പോൾ പഠിക്കുമായിരുന്നു. സംസ്കൃതഭാഷയോടും ഭാരതീയ സംസ്കാരത്തിനോടും തിരുമേനിക്കുള്ള ബഹുമാനം അദ്ദേഹത്തിന്റെ പൗരോഹിത്യത്തിലെ ആർഷത ഉയർത്തിക്കാണിക്കുന്നതാണ്. ഗുരുശിഷ്യബന്ധം എന്നതിലുപരി പാരസ്പര്യത്തിന്റെ ആദ്യത്വം ഞങ്ങൾ സൂക്ഷിച്ചിരിക്കുന്നു.

പഠിപ്പിൽ മാത്രമല്ല ഞങ്ങളുടെ കുടുംബാംഗങ്ങളോടും തിരുമേനി അന്യാദൃശമായ സ്നേഹം പുലർത്തിയിരുന്നു. പലപ്പോഴും ഞങ്ങളുടെ ഗൃഹത്തിൽ എത്തിച്ചേരുകയും ലഘുഭക്ഷണത്തിലൂടെയും നർമസംഭാഷണത്തിലൂടെയും ആ കുടുംബബന്ധം തിരുമേനി നിലനിർത്തിയിരുന്നു. എന്റെ മക്കൾ സംസ്കൃതം പഠിക്കുന്നതിൽ തിരുമേനി ഏറെ സന്തോഷിച്ചിരുന്നു. മൂത്ത മകൻ സംസ്കൃതം പ്രൊഫസറായി ബസേലിയസ് കോളജിൽ പ്രവേശിച്ചത് തിരുമേനിയുടെ പ്രയത്നവും അനുഗ്രഹവും കൊണ്ടു മാത്രമാണ്. സംസ്കൃത പഠനത്തിന്റെ പ്രോത്സാഹനത്തിനായി ഏറെ സഹായിച്ചിട്ടുണ്ട് തിരുമേനി. പള്ളി വഴക്കുകളും പൊതുകാര്യങ്ങളും അലട്ടുമ്പോഴും സിദ്ധരൂപങ്ങൾ ചൊല്ലിയുറപ്പിച്ച് മനസ്സിന്റെ ശാന്തത വീണ്ടെടുക്കുവാൻ തിരുമേനി യത്നിച്ചിരുന്നു.

ഓർത്തഡോക്സ് സഭയുടെ കോളജിലെ അദ്ധ്യാപകനായ എനിക്ക് ആ സഭയിലെ പരമാചാര്യനെ സംസ്കൃതം പഠിപ്പിക്കുവാൻ ലഭിച്ച അവസരം ഏറെ അഭിമാനമുള്ളതായി. ബസേലിയസ് കോളജിലെ അദ്ധ്യാപകനെന്നതിലുപരി ഈവാനിയോസ് തിരുമേനിയുടെ ഗുരു എന്നറിയപ്പെടുമ്പോൾ എനിക്കു ലഭിച്ച ആദരവുകൾ അളവറ്റതാണ്. സഭയിലും കോട്ടയത്തും എനിക്ക് ഒരു പേരുണ്ടാക്കിത്തന്നത് തിരുമേനിയുടെ ഗുരുത്വമാണ്. കാലത്തിന്റെ ഒഴുക്കിൽ ഇങ്ങനെയുള്ള നഷ്ടങ്ങൾ അനിവാര്യമാണെന്നറിയാമെങ്കിലും തിരുമേനിയുടെ ദേഹവിയോഗം അന്തരാത്മാവിലെ ബാഷ്പോദകത്തെ തെല്ലൊന്നു ബഹിർഗമിപ്പിച്ചു. അധ്യാപനജീവിതത്തിലെ മറക്കാനാവാത്ത ഒരനുഭവമാണത്. മനുഷ്യജീവിതത്തിന്റെ സാഫല്യവും അവിടെത്തന്നെയാണ്. നല്ല ശിഷ്യനിൽ പതിയ്ക്കുന്ന വിദ്യ ചിപ്പിയിലെ വെള്ളത്തുള്ളി മുത്താകുന്നതുപോലെ ഉത്കൃഷ്ടമാകുമെന്ന കാളിദാസവചനം അനുസ്മരിച്ചുകൊണ്ട് ആ ഓർമ്മച്ചെപ്പുകൾ ഇവിടെ അടയ്ക്കട്ടെ.

**REMEMBRANCE**

"ഈ ജീവിതം അങ്ങയെ എന്തു പഠിപ്പിച്ചു?"
"പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചു."



**Late lamented**
**H. G. Geevarghese Mar Ivanios**
**(14-11-1940 – 12-04-2013)**

Inserted By

**Shaji Abraham & Family**
**MOSC Sabha Managing Committee Member, Kuwait**

Printed and Published by Fr. P. K. Kuriakose Pandarakkunnel (Mob: 9495108407), President St. George Youth Movement, Kuzhimattom. Editor: Aju Alex, Mammoottil, Kuzhimattom P. O.
Printed at Sophia Print House, Thekkenada, Kottayam